

# ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

എസ്. കാച്ചപ്പിള്ളി

# ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

-------------- കഥകൾ --------------

# ഒരു സെൽഫ് ഫിനാൻസിങ്
# പഠനത്തിന്റെ കഥ

--------------- കഥകൾ ---------------

എസ്. കാച്ചപ്പിള്ളി

## മറ്റു കൃതികൾ

| | | |
|---|---|---|
| ഒറ്റമുറിവീട് | - | കഥകൾ |
| ഒരു ബുദ്ധിജീവിയും കുറെ അനുയായികളും | - | കഥകൾ |
| കേരള മോഡൽ പ്രതിസന്ധി | - | ലേഖനങ്ങൾ |

**Oru Self Financing Padanathinte Katha**
Story-Malayalam

Author : **S.Kachappilly**

Phone : 0484 – 2492784

E-mail : sebastiankachappily@yahoo.com

Publishers : Samskara Nayarambalam
Kochi – 682 509

Published on : February, 2012

Distribution : Samskara Nayarambalam,
Kochi - 682 509.

Rs.30/-

# ഉള്ളടക്കം


1. ഞാൻ മദാലസ 07

2. അച്ഛൻ മകളുടെ കൂടെയാണ് താമസ്സം 11

3. കള്ളന്റെ മകൾ 14

4. തകർച്ചയുടെ വിത്ത് 18

5. പ്രൊമോഷൻ സാധ്യതകൾക്കിടയിലൊരു കാര്യക്ഷമത 22

6. ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ 27

7. വയ്യ കുട്ടീ, ഒരു തുടർച്ചക്കു കൂടി കൂട്ടുനിൽക്കാൻ വയ്യ 32

8. വീണ്ടുമൊരു അംബാസിഡർ യാത്ര 37

9. സമുദായത്തിനൊരു വോട്ട് 41

10. മുകളിലൊരാൾ 44

# 1

# ഞാൻ മദാലസ

സ്മിത വായനയുടെ ലോകത്തായിരുന്നു. പൈങ്കിളി ആഴ്ച പതിപ്പും അതിലെ ഭ്രമിപ്പിക്കുന്ന കഥകളുമായുള്ള കൗമാരപ്രായം. അത്തരമൊരു നാളിലാണ് മനോജ് സ്മിതയുടെ വീട്ടിൽ മേശയുടെ പിന്നിൽ ഒളിച്ചിരുന്നത്. ഏതോ ചെറിയ ശബ്ദം കേട്ടാണ് പൈങ്കിളി വാരികയുടെ താളുകളിൽ നിന്ന് തലയുയർത്തി നോക്കിയത്. ഏതോ മനുഷ്യരൂപം ഒളിച്ചിരിപ്പുണ്ടെന്ന് മനസ്സിലായി. ഒച്ച കൂട്ടാനുള്ള ശ്രമത്തിലായിരുന്നു സ്മിത. അപ്പോഴാണ് വല്ലപ്പോഴും മാത്രം കണ്ടും സംസാരിച്ചിട്ടുമുള്ള മനോജാണെന്ന് മനസ്സിലായത്. മനോജ് അപേക്ഷയെന്നോണം പറഞ്ഞു: "ഒച്ച വക്കരുത്. ഞങ്ങൾ സ്മിതയെ കാണുവാനായി വന്നതാണ്." സ്മിത അമ്പരന്നിരുന്നുപോയി. അഭിസാരികയിലെ ദിലീപ് നായികയോട് പറഞ്ഞതുപോലെ സ്മിതക്ക് അനുഭവപ്പെട്ടു. സ്മിതക്ക് വല്ലാത്ത സങ്കോചം തോന്നി. അവൾ എന്തു പറയണമെന്നറിയാതെ നിർന്നിമേഷയായി അങ്ങനെ ഏറെ നേരം നിന്നു. സ്മിത പരിസരബോധം വീണ്ടെടുത്തു നോക്കുമ്പോൾ മനോജും കൂട്ടുകാരനും നന്ദി പറഞ്ഞ് പുറകുവശത്തെ വാതിൽ വഴി കടന്നു പോയി. സ്മിതക്ക് എന്ത് പറയണമെന്ന് അറിയില്ലായിരുന്നു. സത്യത്തിൽ അഭിസാരിയിലെ നായിക ദിലീപിനോട് എന്താണ് പറഞ്ഞതെന്ന് അവൾ മനസ്സിൽ തിരയുകയായിരുന്നു.

തുടർന്നുള്ള ഏതാനും ദിവസങ്ങൾ സ്മിതക്ക് ഉണർവ്വിന്റെ ദിവസങ്ങളായിരുന്നു. ഏറെ നേരം ഉറങ്ങാതെ "അഭിസാരിക"യിലെ നായിക ദിലീപിനെ കാത്തിരുന്നതുപോലെ സ്മിതയും മനോജിനെ കാത്തിരുന്നു. പിന്നീട് എപ്പോഴൊ ആഴ്ചപ്പതിപ്പുമായി കടയിൽനിന്നും തിരിച്ച് പോരുംവഴിയാണ് സ്മിത മനോജിനെ കണ്ടത്. എന്തു പറയണമെന്നറിയാതെ സ്മിത ഏറെ നേരം അങ്ങനെ നിന്നു പോയി.

മനോജ് മുൻപിലെത്തിയിട്ടും സ്മിത അറിയുന്നുണ്ടായിരുന്നില്ല. സ്വബോധം വീണ്ടെടുത്തിട്ടെന്നവണ്ണം ഒരു വിധം വിക്കിവിക്കി സ്മിത പറഞ്ഞു: "ഞാൻ മനോജിനെ കാത്തിരിക്കാറുണ്ട്. ഏറെ വൈകിയാണ് ഉറങ്ങുന്നത്. മനോജ് എന്നെങ്കിലും വരുമെന്നു പ്രതീക്ഷിച്ചു."

മനോജിന് വല്ലാത്ത അത്ഭുതം തോന്നി. എന്താണ് സ്മിത പറയുന്നതെന്നു മനോജിന് മനസ്സിലായില്ല. ചുണ്ടിലെരിയുന്ന സിഗരറ്റ് ഒരിക്കൽകൂടി ആഞ്ഞു വലിച്ചു. ഒരുപായം പ്രയോഗിക്കുംപോലെ മനോജ് പറഞ്ഞു: "ശരിയാണ്. സ്മിതയെ കാണണമെന്ന് എനിക്കും തോന്നിയിട്ടുണ്ട്." സ്മിത സ്തംഭിച്ചുപോയി. "ഗന്ധർവ്വ"നിലെ ശശാങ്കൻ പറഞ്ഞതുപോലെ. സ്മിത കാലിലെ നഖം കൊണ്ട് മണ്ണിൽ എന്തോ കോറുന്നതായി മനോജ് മനസ്സിലാക്കി. എന്തോ പിടികിട്ടിയിട്ടെന്നവണ്ണം മനോജ് പറഞ്ഞു: "ഇന്നു തീർച്ചയായും വരും." സ്മിത മനസ്സിൽ പറഞ്ഞു: "വരണം. തീർച്ചയായും വരണം."

മനോജ് വാക്കു പാലിച്ചു. ഇരുട്ടിന്റ മറവിൽ സ്മിത തുറന്നിട്ട ജനലഴികൾക്ക് അരികിലായെത്തി. മനോജ് ശബ്ദം താഴ്ത്തിയാണ് സ്മിതയെ വിളിച്ചത്. സ്മിത തീർത്തും ഉല്ലാസവതിയായിരുന്നു. ആരും മുറിക്കകത്തേക്കു വരാതിരിക്കാൻ പാകത്തിൽ വാതിലുകൾ ബന്ധിച്ചു. 'ഗന്ധർവ്വ'നിലെ ശശാങ്കനെപ്പോലെ മനോജ് ജനലരികിൽ വന്നു നിൽക്കുന്നു. സ്മിത തന്നെയാണ് സംഭാഷണം തുടങ്ങിയത്. "ഞാൻ മനോജിനെ കാത്തിരിക്കുകയായിരുന്നു. ഇനിയും വൈകിയിരുന്നു എങ്കിൽ ഞാൻ പിണങ്ങിയേനെ." 'അഭിസാരിക'യിലെ ദിലീപിനോട് നായിക പറഞ്ഞ വാക്കുകൾ സ്മിത കടമെടുക്കുകയായിരുന്നു. മനോജ് രണ്ടും കൽപിച്ചു ചോദിച്ചു: "പോരുന്നോ, എന്റെ കൂടെ?" എടുത്തടിച്ച പോലുള്ള മനോജിന്റ ചോദ്യം സ്മിത പ്രതീക്ഷിച്ചിരുന്നില്ല. ഏതോ മായാലോകത്തിൽ നിന്നും തിരിച്ചു വന്നപോലെ സ്മിത നിലകൊണ്ടു. മനോജ് പറഞ്ഞു: "ഞാൻ നാളെ ഈ സമയത്ത് വരും. വേണ്ട പണവും സ്വർണ്ണവുമെടുത്ത് തയ്യാറായി നിൽക്കണം." മനോജിന്റെ വാക്കുകളിൽ നിശ്ചയദാർഢ്യത്തോടൊപ്പം മദ്യത്തിന്റ ഗന്ധവുമുണ്ടായിരുന്നു.

സ്മിത കഴിയുന്നിടത്തോളം പണവും സ്വർണ്ണവും എടുത്തു ബാഗിൽ വച്ചു. മനോജ് വന്നു വിളിച്ചാൽ ഉടൻ പുറപ്പെടണം. എങ്ങോ

ട്ടെന്നൊ എവിടേക്കെന്നൊ സ്മിതക്ക് നിശ്ചയമില്ലായിരുന്നു. സ്മിത കത്തെഴുതി വയ്ക്കുവാൻ തീരുമാനിച്ചു. 'നീലകാമുകി'യിലെ നായികയുടെ വാക്കുകൾ തന്നെ കത്തിലേക്ക് കടമെടുക്കാൻ സ്മിത പ്രത്യേകം ശ്രദ്ധിച്ചു.

മനോജ് സ്മിതയുടെ കൈപിടിച്ച് ഓട്ടോയിൽ കയറി. മനോജിന്റ കൈത്തലം പരുപരുത്തതാണെന്നും അതു 'അഭിസാരിക'യിലെ ദിലീപിന്റ കൈത്തലം പോലെ മൃദുലമല്ലെന്നും സ്മിത തിരിച്ചറിഞ്ഞു.

ഓട്ടോയിൽ കയറിയപാടെ മനോജ് ചോദിച്ചു: "പണവും സ്വർണ്ണവുമൊക്കെ എടുത്തിട്ടുണ്ടല്ലൊ?" സ്മിത ചിരിച്ചതേയുള്ളു. എല്ലാം ബാഗിലുണ്ടെന്ന് അവൾ ആംഗ്യം കാണിച്ചു. ഓട്ടൊ പുറപ്പെടുവാൻ മനോജ് ആവശ്യപ്പെട്ടു. ഓട്ടൊ ഓടിക്കുന്നത് അന്നു മുറിയിൽ മനോജിനോടൊപ്പം ഒളിച്ചിരുന്നയാളാണെന്നും സ്മിത മനസ്സിലാക്കി. മദ്യത്തിന്റ വല്ലാത്ത മനം മടുപ്പിക്കുന്ന ഗന്ധം. സ്മിതക്കു വല്ലായ്മ തോന്നി. സ്മിത ബാഗ് തിരുപ്പിടിച്ചുകൊണ്ട് മനോജിന്റ ചലനങ്ങളിലെ പൊരുത്തക്കേട് ശ്രദ്ധിച്ചിരുന്നു.

പനമ്പ് കൊണ്ട് പകുത്ത ഒരു ചായ്പിന് മുമ്പിൽ ഓട്ടൊ നിന്നു. മനോജ് പറഞ്ഞു; "ഇത് ഇവന്റ സാമ്രാജ്യമാണ്. ഇനി നമ്മളിവിടെയാണ് താമസം." സ്മിതക്കു എന്തു പറയണമെന്നറിയില്ലായിരുന്നു. ഒരു മറപോലുമില്ലാതെ താൻ ഇവിടെ എങ്ങിനെ കിടന്നുറങ്ങുമെന്ന ചിന്ത സ്മിതയെ വല്ലാതെ അലോസരപ്പെടുത്തി.

ഓട്ടൊ ഓടിച്ചിരുന്നയാൾ ഓട്ടോയിൽനിന്നും രണ്ടു പൊതിയും കുപ്പിയുമെടുത്ത് നിരത്തി വച്ചു. അതിൽ നിന്നും ഒരു പൊതിയെടുത്ത് സ്മിതക്ക് കൊടുത്തിട്ട് മനോജ് പറഞ്ഞു: "ഭക്ഷണമാണ്. എന്തെങ്കിലും തിന്നിട്ട് അപ്പുറത്ത് പോയി കിടന്നോളൂ. ഞങ്ങൾ സ്മിതയുടെ വരവ് ആഘോഷിക്കുവാൻ പോവുകയാണ്."

എന്തൊ ഓർത്തിട്ടെന്നവണ്ണം. മനോജ് പറഞ്ഞു: "സ്വർണ്ണവും പണവുമൊക്കെ ഇങ്ങു തന്നേക്കൂ." സ്മിത മറുപടിയൊന്നും പറഞ്ഞില്ല. മറുപടിയെന്നോണം സ്മിത ബാഗ് കെട്ടിപിടിച്ചു നടന്നു. പൊതി അഴിച്ചു നോക്കാനോ, ഭക്ഷണം കഴിക്കാനോ സ്മിത കൂട്ടാക്കിയില്ല. അപ്പോഴേക്കും മനോജും കൂട്ടുകാരനും മദ്യത്തിന്റ ലഹരിയിൽ പാട്ടു

പാടാനും താളം പിടിക്കാനും ആരംഭിച്ചിരുന്നു. എപ്പോഴോ സ്മിത ഉറക്കത്തിന്റെ ആഴങ്ങളിലേക്ക് പയ്യെ ചരിഞ്ഞു.

ഏതോ അവ്യക്തതയിൽ നിന്നും ഞെട്ടിയുണരുമ്പോൾ മനോജ് അടുത്ത് കിടപ്പുണ്ടായിരുന്നു. അവളുടെ കയ്യിൽനിന്ന് ബാഗ് വാങ്ങാനും മനോജ് ഒരു ശ്രമം നടത്തി. ബാഗ് കെട്ടിപിടിച്ച് സ്മിത കമിഴ്ന്നു കിടന്നു. മനോജ് അവളുടെ വസ്ത്രം നീക്കം ചെയ്യാനുള്ള ശ്രമത്തിലായി. സ്മിതയുടെ എതിർപ്പുകൾ ഓരോന്നായി അവഗണിക്കപ്പെട്ടു.

അപ്പോഴാണ് സ്മിത പനമ്പുകൾക്കിടയിലെ രണ്ടു കണ്ണുകൾ കണ്ടത്. അവൾ ഒരു വല്ലാത്ത ഞരുക്കത്തോടെ തേങ്ങി. മനോജിന്റ കരങ്ങളുടെ ശക്തിയിൽ സ്മിത ഞെരുങ്ങി. എപ്പോഴോ ശക്തി കൊഴിഞ്ഞ സിംഹത്തെപോലെ മനോജ് വശം ചരിഞ്ഞു കിടന്നു. സ്മിത ആയാസപ്പെട്ടു ശ്വാസം വലിച്ചു.

പനമ്പുകൾക്കിടയിലെ കണ്ണുകൾ മറനീക്കി പുറത്തേക്കു വന്നു. സ്മിത അടുത്തു വന്ന ആൾ രൂപത്തെ നോക്കി ആഞ്ഞു തുപ്പി. തുപ്പൽ ചിതറി സ്മിതയുടെ ദേഹത്തു തന്നെ വന്നു പതിച്ചു. ആഴ്ച പ്പതിപ്പിലെ 'മദാലസ'യുടെ പേജുകൾ അവിടവിടെ ചിതറിക്കിടപ്പുണ്ടായിരുന്നു.

❖ ❖ ❖

# 2

# അച്ഛൻ മകളുടെ കൂടെയാണ് താമസം

രാമചന്ദ്രൻ യാത്രയാവാൻ തന്നെ തീരുമാനിച്ചു. അയാൾ മകളെ വിളിച്ചിട്ടു യാത്ര പോകുന്ന വിവരം പറഞ്ഞു. മകൾ അപ്രതീക്ഷിതമായി യാത്രയുടെ വിവരം കേട്ടപ്പോൾ ഒന്നു പകച്ചു. എന്നിട്ടു പറഞ്ഞു: "ഇപ്പോൾ കുട്ടികളുടെ വണ്ടി വരാറായി. എനിക്കു ജോലിക്കു പോകണം. അച്ഛൻ എങ്ങും പോകണ്ട." അയാൾ വീണ്ടും പറഞ്ഞു: "വയ്യ, എനിക്കു പോണം."

രാമചന്ദ്രൻ നായർക്ക് രണ്ടു മക്കളാണ്. ഒന്നു പെൺകുട്ടിയും മറ്റൊരാൾ ആൺകുട്ടിയും. മകൾ പിറന്ന് ഏതാനും വർഷം കഴിഞ്ഞ് മകൻ ജനിച്ചു. വീട്ടിൽ പതിവില്ലാത്ത ആഹ്ലാദം പങ്കിട്ടുകൊണ്ട് രാമചന്ദ്രൻനായർ മകൾക്ക് ഒരു കുട് മിഠായി നൽകി. എന്നിട്ട് പറഞ്ഞു: "നിനക്കൊരനിയൻ കൂടി ഉണ്ടായിരിക്കുന്നു." സ്മിതക്കൊന്നും മനസ്സിലായില്ല. എങ്കിലും അച്ഛന്റെ ആഹ്ലാദത്തിൽ ആ കുഞ്ഞുമനസ്സും സന്തോഷിച്ചിരുന്നു.

സ്മിതക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ ഏറെ നാളുകൾ വേണ്ടി വന്നില്ല. അച്ഛനുമമ്മക്കും കുഞ്ഞനുജനോടാണ് പ്രത്യേക വാത്സല്യം. സ്മിത അച്ഛനോടായി പ്രഖ്യാപിച്ചു: "എനിക്കനിയനെ വേണ്ട." സ്മിത പറഞ്ഞു തീരും മുമ്പേ അച്ഛൻ ഒരു നുള്ള് സമ്മാനമായി നൽകി. എന്നിട്ടു പറഞ്ഞു: "അനാവശ്യം പറയരുത്."

താൻ എന്തോ അനാവശ്യമാണ് പറയുന്നത് എന്ന് സ്മിതക്കു മനസ്സിലായി. അമ്മയുടെ അടുക്കൽ തനിക്കു സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു. അച്ഛനുമമ്മയും സംസാരിക്കുന്നതു സ്മിത കാതോർത്തു. സ്മിതക്കു ചില കാര്യങ്ങൾ പിടുത്തം കിട്ടിയില്ല. പക്ഷെ ഒരു കാര്യം സ്മിത ഉറപ്പാക്കി. തന്നെക്കാൾ മതിപ്പുള്ളത് അനിയനോടാണ്. അനി

യൻ വലുതാവുന്തോറും പുതിയ പുതിയ വസ്ത്രങ്ങൾ ലഭിക്കുന്നു. കൂട്ടത്തിൽ വല്ലപ്പോഴും സ്മിതക്കു കിട്ടിയാലായി.

വലുതാകുന്തോറും അനിയന്റെ ആവശ്യങ്ങൾ കൂടിക്കൂടി വരുന്നത് സ്മിത തിരിച്ചറിഞ്ഞു. കൂട്ടത്തിൽ തന്റെ കാര്യങ്ങൾക്കു മാത്രം അത്ര പന്തിയില്ലായ്മ അനുഭവിച്ചറിഞ്ഞു. പുതിയ ഷൂസും പുതിയ ബാഗുമെല്ലാം അനിയനു സ്വന്തമായി കിട്ടി. അവനുപേക്ഷിക്കുന്ന ബാഗുമായി സ്ക്കൂളിൽ പോകേണ്ടി വന്നതിൽ സ്മിതക്കു വല്ലാത്ത വല്ലായ്മ അനുഭവപ്പെട്ടു.

അനിയനെ തന്റെ സ്ക്കൂളിൽ ചേർക്കുന്നില്ല എന്നതും അവനെ സ്ക്കൂൾ ബസ്സിൽ കയറ്റി അകലെയുള്ള സ്ക്കൂളിൽ ചേർത്തതും അനിയൻ ആൺകുട്ടിയായതു കൊണ്ടാണെന്നു സ്മിത തിരിച്ചറിഞ്ഞു. പിന്നെ അനിയന്റെ ആവശ്യങ്ങൾക്കെല്ലാം അച്ഛനുമമ്മയും നൽകുന്ന പരിഗണന സ്മിതക്കില്ലാതായി.

വളരുന്തോറും സ്മിത വളരെ നന്നായി പഠിച്ചു. അനിയന്റെ പത്രാസ്സു കാണുമ്പോഴും സ്മിതക്കു കൂടുതൽ വാശിയോടെ പഠിക്കാൻ തോന്നി. അനിയന്റെ പെരുമാറ്റങ്ങൾ അത്ര പന്തിയല്ലെന്നു സ്ക്കൂൾ അധികൃതർ അറിയിച്ചു. അനിയന്റെ പഠനം അത്ര നിലവാരമില്ലാത്തതാണെന്ന് അച്ഛനുമമ്മയും മനസ്സിലാക്കി. സ്മിതക്ക് ഉന്നതപഠനത്തിനു പോകണമെന്നുണ്ടായിരുന്നു. സ്മിതക്ക് അതിനുള്ള യോഗ്യതയുണ്ടെന്ന് അറിയിപ്പു കിട്ടിയിട്ടും അച്ഛനുമമ്മയും തയ്യാറായില്ല. അച്ഛനുമമ്മയും അനിയനു കാശു നൽകി അഡ്മിഷൻ വാങ്ങി. അവർ പറഞ്ഞു: "അവൻ ഒരാൺകുട്ടിയല്ലേ."

ഉന്നത പഠനത്തിനു പോകാൻ സാധിക്കാതായതോടെ സ്മിത ജോലിക്കായുള്ള അപേക്ഷകൾ അയക്കാനും അതിനായി പരിശ്രമിക്കാനും തുടങ്ങി. അപ്പോഴേക്കും അനിയൻ പാതിവഴിയിൽ പഠനം നിറുത്തിയിരുന്നു. അച്ഛനുമമ്മയും പഠനം പൂർത്തിയാക്കാൻ അനിയനെ നിർബന്ധിച്ചുകൊണ്ടിരുന്നു. പാതിവഴിയിലാക്കി പഠനം നിർത്തുമ്പോഴും അനിയനു ധൂർത്തടിക്കുന്നതിൽ കുറവുണ്ടായിരുന്നില്ല.

ജോലി കിട്ടിയതോടുകൂടി സ്മിത ഹോസ്റ്റലിലേക്കു താമസം മാറ്റി. സ്മിതയുടെ മനസ്സിൽ അച്ഛനോടുമമ്മയോടുമുള്ള പകയും വാശിയും ഏറി വന്നു. തന്നോടും അനിയനോടും കാണിച്ച വിവേചനം വിദ്വേഷമായി മനസ്സിൽ നിന്നു പുറത്തു വന്നു.

സ്മിതയുടെ വിവാഹം ഒരുവിധം ഭംഗിയായി തന്നെയാണ് രാമചന്ദ്രൻനായർ നടത്തിയത്. ഏറെ വൈകാതെ സ്മിത ഒരു തീരുമാനമെടുത്തു. ഇനി അനിയനുള്ള വീട്ടിലേക്ക് താനില്ല. അപ്പോഴേക്കും വീട് ബാങ്കിനു പണയപ്പെടുത്തിയിരുന്നു. അനിയന്റെ ബിസ്സിനസ്സാവശ്യത്തിനു എന്നു പറഞ്ഞ് പണയം വച്ചത് യാതൊന്നും തിരിച്ചടവില്ലാത്തതിനാൽ ജപ്തി നടപടികളായി. അനിയനെ അന്വേഷിച്ച് കടക്കാരും എത്തി തുടങ്ങി. അവരോടായി രാമചന്ദ്രൻനായർ തേങ്ങി: "എനിക്കറിയില്ല. അവനെവിടെയെന്ന് എനിക്കറിയില്ല."

തേങ്ങൽ വിതുമ്പലായി മാറാൻ ഏറെ നേരം വേണ്ടി വന്നില്ല. ഭാര്യ മരിച്ചതോടെ രാമചന്ദ്രൻനായർ വല്ലാതെ വിതുമ്പി. താൻ ഏകനായിരിക്കുന്നു. അനിയനെ അറിയിക്കാനോ ബന്ധപ്പെടുവാനോ ഉള്ള വിവരങ്ങൾ അയാൾക്കറിയില്ലായിരുന്നു.

ഇനിയെങ്ങോട്ട് എന്ന ചിന്തയിൽ സ്മിതയോട് അച്ഛനെകൂടി കൂട്ടാൻ ബന്ധുക്കൾ നിർബന്ധിച്ചു. ഏതോ ഒരു വിഴുപ്പ് ചുമക്കുന്ന ബുദ്ധിമുട്ടോടെ സ്മിത ഏറെ ക്ലേശിച്ച് സമ്മതം മൂളി. വീട്ടിലെത്തിയിട്ടും സ്മിത വിദ്വേഷം തുടർന്നു. ഒരു വാല്ല്യക്കാരനോടെന്ന പോലെയായിരുന്നു സ്മിതയുടെ പെരുമാറ്റം. രാമചന്ദ്രൻനായർ മുഷിപ്പ് കാണിച്ചിരുന്നില്ല. രാമചന്ദ്രൻ അങ്ങനെ മകളുടെ വീട്ടിലെ വേലക്കാരനായും കാവൽക്കാരനായും തുടർന്നു. അയാൾ ചോദിക്കുന്നവരോടെല്ലാം പറയുമായിരുന്നു: അച്ഛൻ മകളുടെ കൂടെയാണ് താമസം. ചിലപ്പോഴെല്ലാം വാക്കുകൾ തേങ്ങലിനായി വഴിമാറി.

രാമചന്ദ്രൻ യാത്രയാവാൻ തന്നെ തീരുമാനിച്ചു. അയാൾ മകളെ വിളിച്ചിട്ടു യാത്ര പോകുന്ന വിവരം പറഞ്ഞു. മകൾ അപ്രതീക്ഷിതമായി യാത്രയുടെ വിവരം കേട്ടപ്പോൾ ഒന്നു പകച്ചു. അയാൾ പറഞ്ഞു: "ഞാൻ പോകുകയാണ്. എനിക്കിനി വയ്യ." അയാൾ കുട്ടിയുടെ നെറുകയിൽ തലോടുംവിധം പതുക്കെ ചുംബിച്ചു. എന്നിട്ട് അയാൾ ഒരിക്കൽ കൂടി തേങ്ങി: "എനിക്കിനി വയ്യ."

സർവ്വതന്ത്ര സ്വതന്ത്രനായതു പോലെ അയാൾക്ക് തോന്നി. എവിടേക്കാണ് പോകുന്നതെന്നു പോലും ചോദിക്കാൻ ആരുമില്ലാത്തവിധം സ്വതന്ത്രനായി അയാൾ നടന്നു.

❖ ❖ ❖

# 3

# കള്ളന്റെ മകൾ

ഞാൻ പൂന്തോട്ടത്തിലേക്ക് തന്നെ നോക്കിയിരുന്നു. അതിന് പൂന്തോട്ടത്തിന്റേതായ ശോഭ നഷ്ടപ്പെട്ടതായി എനിക്ക് മനസ്സിലായി. എങ്ങനെയാണ് പൂന്തോട്ടം എന്റെ ചിട്ടകളിൽനിന്നു ഒഴിഞ്ഞുപോയത് എന്നത് എന്നെ വല്ലാതെ അലോസരപ്പെടുത്തി. പൂന്തോട്ടത്തിലെ ചെടികളേയും അതിന്റെ നടുക്കായി സ്ഥാപിച്ചിരിക്കുന്ന പക്ഷിക്കൂട്ടിലെ സ്ഥിരതാമസക്കാരേയും ശുശ്രൂഷിക്കുക എന്നത് എന്റെ ഏറ്റവും ആനന്ദകരമായ താൽപ്പര്യങ്ങളിൽ ഒന്നു തന്നെയായിരുന്നു. ഇപ്പോൾ എങ്ങനെയോ പൂന്തോട്ടത്തിന്റെ കാര്യങ്ങളിൽ എന്റെ ശ്രദ്ധ കുറഞ്ഞിരിക്കുന്നു.

എന്റെ വീടിന്റെ മുൻവശത്ത് പൂന്തോട്ടം വച്ചു പിടിപ്പിക്കുവാൻ തീരുമാനിച്ചത് ഒരു സുപ്രഭാതത്തിലായിരുന്നില്ല. എന്റെ കുട്ടിക്കാലം തൊട്ടുതന്നെ ചെടികളെ എനിക്ക് ഇഷ്ടമായിരുന്നു. അവസരം കിട്ടുമ്പോഴൊക്കെ എനിക്ക് ലഭിക്കുന്ന ചെടികളെ ഞാൻ നട്ടു നനക്കുമായിരുന്നു. നട്ടു നനച്ച് പൂക്കളുണ്ടാകും. പൂക്കൾ എനിക്ക് ചെടികൾ സമ്മാനിച്ച ആനന്ദമായിരുന്നു. അങ്ങനെയെപ്പോഴൊ എന്റെ പൂന്തോട്ടം വലുതായിക്കൊണ്ടിരുന്നു. ചെടികളോടുള്ള സ്നേഹക്കൂടുതൽ എന്റെ പഠനത്തെ ബാധിക്കുന്നു എന്നതുകൊണ്ട് ചിലപ്പോഴൊക്കെ എനിക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു എന്നതു സത്യം തന്നെയാണ്.

എന്റെ പൂന്തോട്ടത്തിലേക്ക് കയറുവാൻ ഞാൻ ആരേയും അനുവദിച്ചിരുന്നില്ല. ആരെയെങ്കിലും പൂന്തോട്ടത്തിൽ കയറുവാൻ അനുവദിച്ചാൽ പൂക്കളിറുത്തു കടന്നു കളയുമോ എന്നു ഞാൻ ഭയപ്പെട്ടു. പിന്നീടെപ്പോഴോ ഞാനറിയാതെ ആരോ പൂന്തോട്ടത്തിൽ കയറുന്നതായി എനിക്കു മനസ്സിലായി. പൂക്കളിൽ ചിലത് മോഷണം പോകുന്നു. പൂക്കളുടെ ഭംഗി കണ്ട് ആരെങ്കിലും മോഹിച്ച് ഇറുത്തുകൊണ്ടുപോയതായിരിക്കും എന്നു ക്ഷമിക്കുവാൻ എനിക്ക് ആകുമായിരുന്നില്ല.

ഇത്ര കൃത്യമായി എന്റെ പൂന്തോട്ടത്തിൽ നിന്നും പൂക്കളിറുക്കുന്നത് ആരാണ്. ഞാൻ പുറത്തേക്കു പോകുന്നതും അടുക്കളയിൽ ആയിരിക്കുന്നതും ഇത്ര കൃത്യമായി ആരൊക്കെയോ നിരീക്ഷിക്കുന്നുണ്ട്. അല്ലെങ്കിൽ എന്റെ അഭാവം മനസ്സിലാക്കി ആരോ ഒരു കള്ളൻ പതിയിരിക്കുന്നു. ഞാൻ അയൽവാസികളെ സംശയിച്ചു എന്നതു നേരു തന്നെയാണ്. അക്കാര്യത്തെ ചൊല്ലി ശണ്ഠ കൂടിയിട്ടില്ല എന്നത് എന്റെ സംശയം സത്യമാണോ എന്ന് ഉറപ്പില്ല എന്നതുകൊണ്ടു മാത്രമായിരുന്നു.

പിന്നീടെപ്പോഴോ എന്റെ പൂന്തോട്ടത്തിലെ അപൂർവ്വ പൂക്കളെ അടുത്തുള്ള പൂക്കടയിൽ കാണുകയുണ്ടായി. എന്റെ മനസ്സിൽ ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ പൂക്കൾ കണ്ട് ഇത് എന്റെ പൂന്തോട്ടത്തിലേതാണ് എന്ന് ശഠിക്കുവാനുള്ള ഉറപ്പ് എനിക്കില്ലായിരുന്നു.

താമസിയാതെ, പൂക്കളുടെ സ്ഥാനത്ത് ചെടികൾ തന്നെ കളവുപോകുന്നതായി എനിക്ക് മനസ്സിലായി. എന്റെ നിദ്രകളിൽ എനിക്ക് ശ്രദ്ധ കുറഞ്ഞു. എന്റെ ഉറക്കം നഷ്ടപ്പെട്ടു എന്നല്ലാതെ ചെടികളും പൂക്കളും മോഷണം പോകുന്നതിൽ ഒട്ടും കുറവ് സംഭവിച്ചിരുന്നില്ല.

ചിലർ ഈയിടെയായി എന്റെ താമസ സ്ഥലത്തിനടുത്ത് ഒഴിഞ്ഞു കിടന്ന വസ്തുക്കൾ സ്വന്തമാക്കി താമസമാക്കിയിരുന്നു. അവരിൽ നിന്നും കള്ളനെപ്പറ്റിയുള്ള വിവരങ്ങൾ ലഭിക്കുമെന്നു പ്രതീക്ഷിക്കുവാൻ എനിക്കാവുമായിരുന്നില്ല. കളവ്, അതും പൂക്കളുടെ കളവിനെപ്പറ്റി പറഞ്ഞപ്പോൾ തന്നെ അവരിൽ ചിലർ നെറ്റി ചുളിച്ച് പരിഹാസപുഞ്ചിരി സമ്മാനിക്കുന്നുണ്ടായിരുന്നു. പൂക്കളിറുക്കുന്നതും പൂന്തോട്ടത്തിലെ പക്ഷികളെ ഉപദ്രവിക്കുന്നതും ഒരു കളവ് പോലുമല്ലെന്ന നിലപാടിലായിരുന്നു അവർ. ഇവരെ എങ്ങനെയാണ് കളവിന്റെ പാഠങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതെന്ന വിചിത്രമായ പരാജയം അനുഭവിച്ചറിയുകയായിരുന്നു. എല്ലാം എനിക്ക് ക്ഷമിക്കാമായിരുന്നു. പക്ഷെ പൂക്കളോടും പക്ഷികളോടുമുള്ള അവഗണന നിറഞ്ഞ സംസാരവും എനിക്ക് കളവിനെപ്പറ്റിയുള്ള പുതിയ അറിവു സമ്മാനിക്കലും പുതിയ താമസക്കാരോട് അവജ്ഞ ജനിപ്പിക്കാൻ പോന്നതായിരുന്നു.

മനസ്സിൽ പതഞ്ഞു പൊങ്ങിയ ക്ഷോഭത്തെ എങ്ങനെയാണ് തണുപ്പിക്കുക എന്ന് എനിക്ക് അറിയില്ലായിരുന്നു. എനിക്ക് പഴയ പോലെയാകണമെന്നുണ്ടായിരുന്നു. കളിയും ചിരിയും ഉല്ലാസവും

നിറഞ്ഞ എന്റെ പഴയ നാളുകളിലേക്ക് തിരിച്ചു പോകണമെന്നുണ്ടായിരുന്നു. ചെടികളെ നട്ടു വളർത്തുന്നതിൽ എനിക്ക് എപ്പോഴോ താൽപ്പര്യം നഷ്ടപ്പെട്ടിരുന്നു. ആരെങ്കിലും എനിക്ക് കള്ളനെ ചൂണ്ടിക്കാണിച്ചു തരുമെന്നും എന്റെ ഉല്ലാസം തിരിച്ചു കിട്ടുമെന്നും ഞാൻ ആശിച്ചു.

നിരാശയോടെയാണ് ഞാൻ പൂന്തോട്ടത്തിലേക്ക് നോക്കി ഇരിപ്പുറപ്പിച്ചത്. എത്രനേരം ഇരുന്നു എന്ന് എനിക്ക് ഉറപ്പില്ലായിരുന്നു. ഉറക്കമില്ലായ്മ എന്നെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു. ഞാൻ ഏതാണ്ട് മയക്കത്തിന്റെ വക്കിലായിരുന്നു. ചേച്ചീ, ചേച്ചീ എന്ന വിളി കേട്ടാണ് ഞാൻ പടിക്കലേക്ക് നോക്കിയത്. ഒരു മയക്കത്തിന്റെ ആലസ്യത്തിലാണ് ഞാൻ വിളി ശ്രവിച്ചത്. ഒരു കൊച്ചുകുട്ടി പടിക്കൽ നിൽക്കുന്നു. എന്താണെന്നോ ഏതാണെന്നോ തിരക്കും മുമ്പെ തന്നെ ആ കുട്ടി എന്റെ അടുക്കലേക്കു വന്നു. ഞാൻ എന്തെങ്കിലും പറയുന്നതിനു മുൻപ് തന്നെ അവൾ എന്നോടു പറഞ്ഞു: "ഹായ് ചേച്ചീടെ തോട്ടം കാണാൻ എന്തു ഭംഗിയാണ്. എന്തൊക്കെ പൂക്കളാണ് ചേച്ചീടെ പൂന്തോട്ടത്തില്. നിറയെ ചെടികളുള്ള ഇതുപോലൊരു പൂന്തോട്ടം ഞാൻ ആദ്യമായിട്ടാണ് കാണുന്നത്." അവൾ പിന്നെയും എന്തൊക്കെയൊ പറഞ്ഞുകൊണ്ടിരുന്നു.

കറുത്ത് മെലിഞ്ഞ പെൺകുട്ടി. വായിൽ കൊള്ളാവുന്നതിലുമധികം അവൾ സംസാരിച്ചുകൊണ്ടിരുന്നു. അവളുടെ സംഭാഷണം കേട്ടപ്പോൾ എന്റെ വിരസതക്ക് എന്തൊ ആശ്വാസം തോന്നി. ഞാൻ അവളെ അടുത്ത് വിളിച്ചു. എന്നിട്ട് അവളോടായി ചോദിച്ചു: "കുട്ടീ നിന്നെ ഞാൻ ഇതിനു മുമ്പ് കണ്ടിട്ടുള്ളതായി തോന്നുന്നില്ല, എവിടെയാണ് നിന്റെ വീട്? നിന്റെ പേര്?" ഒറ്റ ശ്വാസത്തിലാണ് ഞാനത് ചോദിച്ചത്.

"അമ്മ പറഞ്ഞിട്ടുണ്ട് ചേച്ചി കുറുമ്പിയാണെന്ന്. ആരെയും പൂന്തോട്ടത്തിൽ കേറ്റില്ലെന്ന്. ഇപ്പൊ മോൾ കയറിയല്ലൊ." അവൾ ഇതു പറഞ്ഞ് കൈകൊട്ടി ചിരിച്ചു. എന്നിട്ട് ചോദിച്ചു: "ചേച്ചീ, എനിക്കൊരു പൂപറിച്ചു തരണം."

അവളുടെ സംഭാഷണം കേട്ടപ്പോൾ എനിക്ക് വല്ലാതെ ചിരി വന്നു. എന്നിട്ട് അവൾ ആവശ്യപ്പെട്ടപോലെ കടുത്ത നിറമുള്ള ചുവന്ന പൂ പറിച്ചു കൊടുത്തു. എന്നിട്ട് ചോദിച്ചു: "നിന്റെ വീട് പറഞ്ഞില്ല?"

അവൾ എന്നെ അവളുടെ വീട് ചൂണ്ടിക്കാണിച്ചു. ഏതാനും കുറച്ചു വീട്ടുകാർ പുതിയതായി താമസമാക്കിയിരുന്നു. ഇത്ര അടുത്തു താമസമാക്കിയ വീട്ടുകാരെപ്പോലും എനിക്ക് അറിയാൻ കഴിയാത്തതിൽ ഏറെ ദു:ഖം തോന്നി. പ്രായം എന്റെ ഓർമകളെക്കൂടി ദുർബലപ്പെടുത്തുന്നു എന്ന് മനസ്സിലാക്കി ഞാൻ മൗനം പാലിച്ചതേയുള്ളൂ.

അവൾ സംസാരിച്ചുകൊണ്ടേയിരുന്നു: "എന്റെ ചേച്ചിക്ക് പൂക്കൾ എന്തിഷ്ടമാണെന്നോ. അച്ഛൻ വരുമ്പോൾ പൂക്കൾ കൊണ്ടു വരും. ചേച്ചിയുടെ പൂന്തോട്ടത്തിൽ ഉള്ളതിനേക്കാൾ ഭംഗിയുള്ള പൂക്കൾ. ഞങ്ങൾ ഉണർന്നു വരുമ്പോൾ അച്ഛൻ ഉറങ്ങുകയായിരിക്കും. പക്ഷെ അമ്മ സമ്മതിക്കില്ല. അച്ഛന് ആരോ പറിച്ചുകൊടുക്കുന്നതാ."

ജീപ്പിന്റെ ഇരമ്പൽ കേട്ടാണ് ഞാൻ തിരിഞ്ഞു നോക്കിയത്. ഹ്‌ായ് അച്ഛൻ-എന്ന് പറഞ്ഞ് അവൾ എന്റെ കൈയ്യിൽ നിന്നും കുതറി ഓടി. ജീപ്പിനടിയിലെങ്ങാനും പെട്ടു പോകുമോ എന്ന് ഭയന്ന് ഞാൻ അറിയാതെ അവളെ വിലക്കി.

"മോളേ ജീപ്പ്," അല്പം അങ്കലാപ്പോടെയാണ് ഞാനവളെ വിളിച്ചത്.

ജീപ്പിലിരുന്നയാൾ വിളിച്ചു പറഞ്ഞു: "അമ്മാ, എനിക്ക് പ്രൊമോഷനായി. ഞങ്ങട ശല്യം തീർന്നു. ഇവിടെ നിന്നും പോവുകയാണ്." അപ്പോഴാണ് ഞാനയാളെ ശ്രദ്ധിച്ചത്. കാഴ്ചയിൽ കറുത്തിരുണ്ട, ഭയപ്പാട് തോന്നിക്കുന്ന രൂപം. അയാളെ കാണുമ്പോഴെല്ലാം ഞാൻ ശ്രദ്ധ മാറ്റുമായിരുന്നു. കഷ്ടിച്ച് മുപ്പത് വയസ്സേ തോന്നിക്കുകയുള്ളൂ. റിട്ടയർ ആകും മുൻപ് തീർച്ചയായും എസ്.പിയോ ചുരുങ്ങിയത് ഡി.വൈ.എസ്.പിയോ ഒക്കെ ആകാൻ മാത്രം പ്രായം.

എനിക്ക് കുട്ടിയുടെ കൈയ്യിൽനിന്നും പൂക്കൾ തിരിച്ചു വാങ്ങണമെന്നുണ്ടായിരുന്നു. അപ്പോഴേക്കും ജീപ്പ് കടന്നു പോയിരുന്നു. ഞാൻ മനസ്സിൽ കുട്ടിക്കൊരു പേരു തിരയുകയായിരുന്നു. കള്ളന്റെ മകൾ.

❖ ❖ ❖

# 4

# തകർച്ചയുടെ വിത്ത്

രമേശ് വണ്ടി ഓടിക്കുമ്പോഴും മദാമ്മയെ ശ്രദ്ധിക്കുന്നുണ്ടണ്ടായിരുന്നു. സെമിനാർ ഹാളിൽ നടന്ന പാർട്ടിയിൽ മദാമ്മ മദ്യപിക്കുന്നത് രമേശ് ശ്രദ്ധിച്ചിരുന്നു. എങ്കിലും ഇത്രമാത്രം അകത്താക്കുമെന്നു കരുതിയിരുന്നില്ല. മദാമ്മയുടെ സ്ഥാനം തെറ്റിക്കിടക്കുന്ന വസ്ത്രങ്ങൾ അയാൾ ഗോപ്യമായി ശ്രദ്ധിക്കുവാൻ തുടങ്ങി. മദാമ്മ എന്തൊ ഓർത്തിട്ടെന്നവണ്ണം പറഞ്ഞു: "യു, രമേശ്." തന്റെ അസ്ഥാനത്തുള്ള നോട്ടം മദാമ്മ മനസ്സിലാക്കി കാണുമോ എന്നു രമേശ് സംശയിച്ചു. അയാൾ വണ്ടി ഓടിക്കുന്നതിൽ ശ്രദ്ധിക്കുകയാണ് എന്ന മട്ടിൽ വേഗത കുറച്ചിട്ട് മദാമ്മയോടായി പറഞ്ഞു: "അതെ, രമേശ്." രമേശ് മലയാളത്തിലാണ് മറുപടി പറഞ്ഞത്. മദാമ്മ മെല്ലെ ചാരി മലർന്നു കിടന്നിട്ട് പറഞ്ഞു: "ഔർ പ്രസിഡന്റ് ഈസ് ബ്ലാക്ക്." രമേശ് വണ്ടിയുടെ കണ്ണാടിയിലൂടെ എല്ലാം ശ്രദ്ധിക്കുന്നുണ്ടണ്ടായിരുന്നു. അമേരിക്കൻ പ്രസിഡന്റിനെക്കുറിച്ചായിരിക്കും മദാമ്മ പറഞ്ഞിരിക്കുന്നതെന്നു രമേശ് മനസ്സിൽ കരുതി. അമേരിക്കയിലെ പ്രസിഡന്റ് കറുത്ത വർഗ്ഗക്കാരനാണെന്ന് രമേശ് മനസ്സിലാക്കിയിരുന്നു.

ഹോട്ടൽ എത്തിയതും മദാമ്മ അറിഞ്ഞിരുന്നില്ല. അയാൾ മദാമ്മയെതന്നെ നോക്കിയിരുന്നു. പണ്ടൊരിക്കൽ വാസവദത്തയുടെ കിടപ്പിനെ വർണ്ണിച്ചിരിക്കുന്ന ഭാഗം വായിച്ചത് അയാൾ ഓർമ്മിച്ചെടുത്തു. കണങ്കാല് വരെ നീളുന്ന മദാമ്മയുടെ വസ്ത്രം കണ്ണാടിയിലൂടെ ശ്രദ്ധിച്ച് അയാൾ അല്പം തരിപ്പോടെ ഇരുന്നു. മദാമ്മ ഇളകിയിരിക്കുന്നത് ശ്രദ്ധിച്ചിട്ട് അയാൾ കാറിൽ നിന്നിറങ്ങി പിറകിലെ ഡോർ തുറന്നു. ഡോർ തുറക്കുന്ന ശബ്ദം കേട്ടിട്ടാകണം മദാമ്മ കണ്ണു തുറന്ന് അയാളെ നോക്കി. അയാൾ ഒന്നു വെളുക്കെ ചിരിച്ചതും തിടുക്കത്തിൽ എഴുന്നേറ്റ് കാറിൽ നിന്നിറങ്ങി മദാമ്മ രമേശിന്റെ തോളിൽ

കൈവച്ചു. രമേശിന് വല്ലാത്ത തരിപ്പനുഭവപ്പെട്ടു. അയാളറിയാതെ അയാളുടെ കണ്ണുകൾ സ്ഥാനം തെറ്റിക്കിടക്കുന്ന വസ്ത്രങ്ങൾക്കിടയിലൂടെ സഞ്ചരിച്ചു. മദാമ്മ രമേശിനെ വിട്ട് മുന്നോട്ട് നടന്നിട്ടു പറഞ്ഞു: "ഓ, ഡാർലിങ് കമോൺ." അയാൾ വാക്കുകൾക്കിടയിലെ അർത്ഥതലങ്ങൾ പരിശോധിക്കുകയായിരുന്നു. മദാമ്മ തിരക്കു കാണിക്കുന്നതു കണ്ട് അയാൾ പെട്ടിയുമെടുത്ത് പിന്നാലെ നടന്നു. "ഔർ പ്രസിഡന്റ് ഈസ് എ ബാക്വേഡ് മാൻ" അവർ പുലമ്പുന്നുണ്ടായിരുന്നു.

വിശാലമായ മുറിയുടെ മുന്നിലെത്തിയപ്പോൾ മദാമ്മ നിന്നു. രമേശ് പ്രത്യേകിച്ചൊന്നും ശ്രദ്ധിക്കാതെ ബാഗുമെടുത്ത് മുറിയിലേക്ക് പ്രവേശിച്ചു. മദാമ്മ അയാളെ ഇറുകെ പിടിച്ചിട്ടെന്നവണ്ണം പറഞ്ഞു: "ഔർ പ്രസിഡന്റ് ഈസ് എ ബാക്വേഡ് മാൻ." വീണ്ടും വീണ്ടും തന്നെ ഇക്കാര്യം ഓർമിപ്പിക്കുന്നതിൽ അയാൾക്ക് നീരസം തോന്നാതിരുന്നില്ല. രമേശ് മദാമ്മയെ ശ്രദ്ധിക്കുകയായിരുന്നു. ഇനിയെന്താണ് മദാമ്മ പറയുന്നതെന്നു അയാൾ കാതോർത്തു. മദാമ്മ മെല്ലെ അടുത്തു വന്ന് അയാളെ കെട്ടിപ്പിടിച്ചു. മദാമ്മയുടെ മദ്യത്തിന്റ മണം പോലും അയാൾക്ക് ആസ്വാദ്യമായി തോന്നി. മദാമ്മ അയാളെ ചുംബിച്ചിട്ടെന്നവണ്ണം പറഞ്ഞു: "ഐ ലൈക്ക് ബ്ലാക്ക്. ഐ ലൈക്ക് ബ്ലാക്ക്, സീ യൂ പുവർമാൻ, സി യൂ ടുമാറൊ."

രമേശൻ മദാമ്മ പറയുന്നതും കൈകൾ വീശുന്നതും ശ്രദ്ധിക്കുന്നുണ്ടണ്ടായിരുന്നില്ല. അവർ അമേരിക്കയുടെ തകർച്ചയെപ്പറ്റിയും സംസാരിക്കുന്നുണ്ടായിരുന്നു. അയാൾ മദാമ്മയുടെ ചുംബനത്തിന്റ ലഹരിയിലായിരുന്നു. അയാൾ മദാമ്മയുടെ വകഞ്ഞുമാറിക്കിടക്കുന്ന വസ്ത്രത്തിനിടയിലേക്ക് ശ്രദ്ധിക്കുകയായിരുന്നു. അയാൾ മദാമ്മയുടെ കരങ്ങൾ ബലമായി പിടിച്ചിരുന്നു. "യു ബിറ്റ്," മദാമ്മയുടെ ശബ്ദം കുഴയുന്നുണ്ടായിരുന്നു. മദാമ്മ അയാളെ തള്ളിയിട്ടു. പെട്ടെന്നുള്ള തള്ളലിൽ അടിതെറ്റി അയാൾ കട്ടിലിലേക്ക് വീണു. മദാമ്മ എന്തൊക്കെയൊ വീണ്ടും വീണ്ടും പുലമ്പുന്നുണ്ടായിരുന്നു. വികാരങ്ങൾ അയാളുടെ നിയന്ത്രണങ്ങൾ ഏറ്റെടുത്തിരുന്നു.

രമേശൻ മുറി വിടുമ്പോൾ നേരം പാതിരാത്രി കഴിഞ്ഞിരുന്നു. എന്താണ് തന്നെ ഇത്രമാത്രം വികാരഭരിതനായി പ്രകോപിപ്പിക്കാൻ

കാരണം എന്നു അയാൾക്ക് തിരിച്ചറിയാനായില്ല. അമേരിക്കൻ പ്രസിഡന്റിനെപ്പറ്റി തുടർച്ചയായി ഓർമ്മപ്പെടുത്തുമ്പോഴെല്ലാം അയാൾ അസ്വസ്ഥനായിരുന്നു. അവരുടെ രാജ്യത്ത് ഭരണശ്രേണിയിലെല്ലാം പിന്നോക്ക രാജ്യക്കാർ കയറിപ്പറ്റിയിരിക്കുന്നു. രാജ്യത്തിന്റ നിയന്ത്രണം പിന്നോക്ക രാജ്യത്തുനിന്നും കുടിയേറിയവരുടെ കൈകളിലാണത്രെ. രാജ്യത്തിന്റ തകർച്ചക്കു കാരണം ഭരണതലങ്ങളിലെ പിടിപ്പുകേടും പിന്നോക്ക രാജ്യക്കാരുമാണ്. ഇനിയൊന്നു കരകയറാൻ കഴിയാത്ത വണ്ണം മാന്ദ്യം അവരുടെ രാജ്യത്തെ വിഴുങ്ങിയിരിക്കുന്നു. ഒരു കാലഘട്ടത്തിന്റ സ്വപ്നം പൂവണിഞ്ഞ് ഒരു പിന്നോക്കരാജ്യക്കാരൻ അമേരിക്കയുടെ പ്രസിഡന്റായിരിക്കുന്നു. അതിനു മുൻപേ എത്രയെത്ര വിലപ്പെട്ട സ്ഥാനങ്ങളിൽ പിന്നോക്കരാജ്യക്കാർ വന്നിരിക്കുന്നു. അവരുടെ അഭിപ്രായത്തിൽ അന്നു മുതലേ തകർച്ചയുടെ വിത്ത് വിതച്ചിരുന്നതാണ്.

രമേശിന് പുഴയരികിലൂടെയുള്ള വണ്ടിയോട്ടം എന്നും ആസ്വാദ്യമായേ തോന്നിയിട്ടുള്ളൂ. വണ്ടി റോഡിൽ നിന്നിറക്കി പുഴയരികിലായി ചേർത്തു നിർത്തി. അയാൾ വണ്ടിയിൽ കരുതിവച്ചിരുന്ന മദ്യക്കുപ്പിയെടുത്തു. അയാളുടെ മനസ്സിൽ അപ്പോഴും മദാമ്മയുടെ ചിത്രമായിരുന്നു. അവർ അമേരിക്കയേയും പിന്നോക്ക രാജ്യങ്ങളിൽ നിന്നു കുടിയേറിയവരേയും കുറിച്ചു പറഞ്ഞ വാക്കുകളായിരുന്നു. അമേരിക്കൻ പ്രസിഡന്റ് പിന്നോക്ക സമൂഹത്തിൽ നിന്നു വരുന്നതാണത്രെ. അവരുടെ രാജ്യം തകർന്നു കൊണ്ടിരിക്കുകയാണ് പോലും. അവരുടെ രാജ്യം തകരട്ടെ എന്നു പറയണമെന്നുണ്ടായിരുന്നു. രമേശിനു വല്ലാത്ത കോപം തോന്നി. മദാമ്മ അങ്ങനെയൊക്കെ പറയാൻ കാരണം താൻ പിന്നോക്ക വിഭാഗക്കാരനായതു കൊണ്ടായിരിക്കുമെന്ന് അയാൾ സംശയിച്ചു. അയാൾക്ക് കോപം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അയാൾ ചിന്തകളെ തിരുത്താൻ വീണ്ടും വീണ്ടും സ്വയം ശ്രമിക്കുന്നുണ്ടായിരുന്നു. എത്ര ചിന്തിച്ചിട്ടും മദാമ്മ അങ്ങനെയൊക്കെ പറയാൻ കാരണം തന്നെ ഉദ്ദേശിച്ചു കൊണ്ടാണെന്ന ചിന്ത അയാളെ വേട്ടയാടി. അയാൾ അത്തരമൊരു ചിന്തയുടെ ആലസ്യത്തിൽ വേണ്ടുവോളം മദ്യം അകത്താക്കി.

രമേശൻ പുഴയരികിലൂടെ നടന്നു. അയാൾക്ക് ഇരുട്ടിലും വ്യക്തമായി കാണാമായിരുന്നു. തന്റെ മുന്നിൽ മദാമ്മ തന്നെനോക്കി പരി

ഹസിച്ചു ചിരിക്കുന്നു. അയാൾ കുപ്പി കൂടുതൽ ശക്തിയോടെ മദാമ്മക്കു നേരെ എറിഞ്ഞു. മദാമ്മക്കു നേരെ എറിഞ്ഞ കുപ്പി റോഡരുകിൽ സ്ഥാപിച്ച ബോർഡിൽ തട്ടി ഛിന്നഭിന്നമായി. ചിന്നിച്ചിതറിയ കുപ്പിച്ചില്ലുകൾക്കിടയിലും മദാമ്മ റോഡരികിൽ സ്ഥാപിച്ച ബോർഡു ചൂണ്ടി തന്നെ പരിഹസിക്കുന്നതായി രമേശനു തോന്നി. അയാൾ തല കുടഞ്ഞ് ഇമ വെട്ടാതെ ബോർഡ് വായിച്ചു. അത് എയ്ഡ്സ് രോഗത്തെക്കുറിച്ചുള്ളതായിരുന്നു. രമേശൻ കൂടുതൽ പകയോടെ മദാമ്മയെ തിരക്കി. അപ്പോൾ മദാമ്മ പുഴക്ക് നടുക്കെത്തിയിരുന്നു. അവർ അപ്പോഴും രമേശനെ നോക്കി പരിഹസിച്ച് ചിരിക്കുന്നുണ്ടായിരുന്നു.

❖ ❖ ❖

# 5
# പ്രൊമോഷൻ സാധ്യതകൾക്ക് ഇടയിലൊരു കാര്യക്ഷമത

രമേശിന് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചിട്ട് നാളുകളേറെയായില്ല. അയാൾ ഏറെ പ്രതീക്ഷിച്ചിരുന്നതായിരുന്നില്ല പഞ്ചായത്ത് സെക്രട്ടറിയുടെ ജോലി. എഴുത്തു പരീക്ഷ കഴിഞ്ഞപ്പോൾ, മറ്റുള്ളവർ പരീക്ഷ എഴുതിയതുമായി തട്ടിച്ചു നോക്കിയപ്പോൾ, തന്റേത് ഒരു പ്രയത്നം മാത്രമായേ അയാൾക്ക് തോന്നിയുള്ളൂ. ജോലി ലഭിച്ചപ്പോൾ അയാൾക്ക് വല്ലാത്ത ഉത്സാഹം തോന്നി. നല്ലനേരം നോക്കി അയാൾ സ്നേഹിതരെകൂട്ടി ജോലിക്കു ജോയിൻ ചെയ്തു.

ജോലി പഠിച്ചെടുക്കുക എന്നതു തന്നെ ഏറെ ശ്രമകരമായി രമേശനു തോന്നി. ഏറെ നാളുകൾ കഴിഞ്ഞില്ല. നിന്നു തിരിയാൻ പറ്റാത്തത്ര ജോലിഭാരം അയാൾക്കനുഭവപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരും ജനങ്ങളും സെക്രട്ടറിയുടെമേൽ കുതിര കയറുന്നതായി അയാൾ പരാതി പറയാൻ തുടങ്ങി. ജോലിഭാരം കൂടുതലാണെന്നും മറ്റേതെങ്കിലും പഞ്ചായത്തിലേക്ക് മാറ്റം സംഘടിപ്പിച്ചു തരണമെന്നും രാഷ്ട്രീയ സ്വാധീനമുള്ളവരോടും ജാതി സംഘടനയിലുള്ളവരോടും അയാൾ ആവശ്യപ്പെട്ടു. അപ്പോഴാണ് ഏറെ രസകരമായ മറ്റുചില കാര്യങ്ങൾകൂടി അയാൾക്ക് മനസ്സിലായത്. രാഷ്ട്രീയ സ്വാധീനമുള്ളവർക്കും ജാതി സംഘടനയിലുള്ളവർക്കും കാര്യങ്ങൾ നേടിയെടുക്കാൻ പറ്റിയ ആളായി മാത്രമെ അവർ രമേശിനെ കണ്ടിരുന്നുള്ളൂ. അയാളുടെ കഴിവിൽ വിശ്വാസം കുറഞ്ഞിട്ടാണെങ്കിലും അയാളെ സ്ഥലം മാറ്റരുതെന്ന കാര്യത്തിൽ അവരെല്ലാവരും തന്നെ ഒറ്റക്കെട്ടാണെന്നു രമേശിനു മനസ്സിലായി. ഏറെയാളുകൾ ഇങ്ങോട്ടു സ്ഥലം മാറ്റത്തിനായി നാളുകളായി ശ്രമം നടത്തുന്നു. ശമ്പളത്തിനു പുറമെ ധാരാളം വരുമാനംകൂടി തരുന്ന പഞ്ചായത്തായതിനാലാണ് ഇത്രയധികം ആളു

കൾ ഇങ്ങോട്ടു സ്ഥലം മാറ്റത്തിനായി ശ്രമിക്കുന്നതെന്ന് അയാൾക്ക് മനസ്സിലായി.

ഇനിയെന്ത് എന്ന ചിന്തയിലായിരുന്നു രമേശ്. തനിക്കിനിയും ജോലിചെയ്യാൻ പറ്റാത്തത്ര ബുദ്ധിമുട്ടുണ്ടെന്ന് ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടും മറ്റുള്ളവർക്ക് അത് തമാശമായി മാത്രമെ തോന്നിയുള്ളൂ. രമേശ് ജോലി മാറ്റത്തെപ്പറ്റി പറഞ്ഞപ്പോൾ എല്ലാവരുംതന്നെ അയാളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഒന്നു ജോലിചെയ്യാൻ ശ്രമിച്ചു നോക്കാമെന്നുതന്നെ അയാൾ തീരുമാനിച്ചു.

പഞ്ചായത്തിലെ പദ്ധതിരേഖകൾ സമർപ്പിക്കേണ്ട സമയമായിരുന്നു. സെക്രട്ടറിയുടെ ഒത്താശയോടെ ചില സ്വകാര്യ താൽപ്പര്യങ്ങളോടെയുള്ള പദ്ധതികൾ സമർപ്പിക്കാൻ നിർബന്ധിക്കുന്ന പഞ്ചായത്ത് മെമ്പർമാരുമുണ്ടായിരുന്നു. താമസ്സിയാതെ രമേശിനു ചില കാര്യങ്ങൾ പിടികിട്ടി. ഇത്തരം പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്നാൽ വേണ്ടത്ര സമ്പത്ത് സമ്പാദിക്കാമെന്നയാൾക്ക് ബോധ്യമായി. അയാൾ പതിയെ പഞ്ചായത്ത് സെക്രട്ടറിയെന്ന പദവി ആസ്വദിക്കാൻ തുടങ്ങി. സായാഹ്നങ്ങളിലെ ബാറു സൽക്കാരങ്ങൾ അയാൾ നിഷേധിച്ചിരുന്നില്ല.

പദ്ധതിരേഖകളിൽ ചിലത് സെക്രട്ടറിയുടെ അശ്രദ്ധയാൽ നിഷേധിക്കപ്പെട്ടപ്പോഴാണ് താൻ പിടിച്ചത് വലിയ പുലിവാലായെന്ന് രമേശിനു ബോധ്യപ്പെട്ടത്. കൈയ്യിൽ കിട്ടിയ പണത്തിന്റെ കണക്കുകളൊന്നും അയാൾക്ക് കൃത്യതയില്ലായിരുന്നു. പഞ്ചായത്തിന്റെ ചിലവിൽ സ്വകാര്യമായി നടത്തികൊടുക്കാമെന്നേറ്റ് വാങ്ങിയതും അതിന്റെ നഷ്ടപരിഹാരവും തിരിച്ചുകൊടുക്കാൻ മെമ്പർമാരുടെ നേതൃത്വത്തിൽ രമേശിന്റ മുമ്പിൽ ആവശ്യവുമായി വന്നു.

രമേശ് ഒരു ഏറ്റുമുട്ടലിന്റെ വക്കത്തായിരുന്നു. പതിവുപോലെ അയാൾ തന്റെ ഭാഗം ന്യായീകരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അധികദിവസം വേണ്ടിവന്നില്ല, ഒരു ജനക്കൂട്ടം തന്നെ സെക്രട്ടറിയെ ഘെരാവൊ ചെയ്യാൻ എത്തിയിരുന്നു. പഞ്ചായത്ത് സെക്രട്ടറിയുടെ കഴിവില്ലായ്മയും വികസനകാര്യങ്ങളിൽ തടസം നിൽക്കലുമൊക്കെയായിരുന്നു ആരോപണങ്ങൾ. അതിനെല്ലാം മുന്നിൽ വഴിവിട്ട കാര്യങ്ങൾ നേടിയെടുക്കുന്നതിൽ തന്നോടൊപ്പം നിന്ന മെമ്പർമാരും ജാതി സംഘടനാ നേതാക്കളും രാഷ്ട്രീയ നേതാക്കളുമുണ്ടായിരുന്നു. നേതാ

ക്കളുമായി ഒരു ഒത്തുതീർപ്പുണ്ടാക്കുകയല്ലാതെ രമേശിനു മറ്റു മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല. അവർ ഏതാനും പുതിയ ഡിമാന്റുകൾ കൂടി രമേശിന്റെ മുന്നിൽ വച്ചു.

രമേശിന് നേതാക്കളുടെ ഡിമാന്റുകൾ അംഗീകരിക്കുകയേ നിവർത്തിയുണ്ടായിരുന്നുള്ളൂ. അയാൾ പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയോടൊപ്പം മറ്റു ചില തസ്തികകളിലും എഴുത്ത് പരീക്ഷ എഴുതിയിരുന്നു. ആയിടക്കാണ് മറ്റൊരു സർക്കാർ സ്ഥാപനത്തിലേക്ക് ജോയിൻ ചെയ്യാൻ നിർദ്ദേശം വന്നത്. എന്തു ചെയ്യുമെന്ന അവസ്ഥയിൽ വീണുകിട്ടിയ പിടിവള്ളിയായ രമേശ് അതിനെ കരുതിയുള്ളൂ. രമേശ് പരിചിതരായ പലരോടും ആ സ്ഥാപനത്തെപ്പറ്റി തിരക്കി. ജനങ്ങളുമായി ഇടപെടേണ്ടി വരുമൊ എന്നതായിരുന്നു അയാൾക്ക് പ്രധാനമായും അറിയേണ്ടിയിരുന്നത്. ഏറെ ജോലിഭാരം ഇല്ലെന്നും ജനങ്ങളുമായി ഇടപെടേണ്ട ആവശ്യകതയൊന്നുമില്ലെന്നും അയാൾ മനസ്സിലാക്കി. അയാൾ പുതിയ ജോലിക്കു ജോയിൻ ചെയ്യാൻ തീരുമാനിച്ചു. കൂട്ടത്തിൽ കൂടുതൽ പ്രമോഷൻ സാധ്യതകളുണ്ട് എന്നത് അയാൾ നിലവിലുള്ള ജോലി ഉപേക്ഷിക്കുന്നതിന് കാരണമായി നിരത്തി.

പുതിയ ജോലി സ്ഥലത്ത് ജോയിൻ ചെയ്യുന്നതിനു മുമ്പായി അയാൾ സംഘടനാ നേതാക്കളുമായി ബന്ധപ്പെട്ടിരുന്നു. അവരാകട്ടെ ആഘോഷപൂർവ്വം അയാളെ സ്വീകരിച്ചു. പുതിയ സ്ഥാപനത്തിൽ ഏറെ ക്ലേശങ്ങളോ ബുദ്ധിമുട്ടുകളോ അയാൾക്കനുഭവപ്പെട്ടില്ല. ഏതോ നേരംപോക്കുപോലെ ആരോടും ഉത്തരവാദിത്തം പറയാനില്ലാതെ അയാൾ സമയം ചിലവഴിച്ചു. പ്രതിഷേധവും മുദ്രാവാക്യം വിളികളുമായി ആരവത്തിനിടയിലെ അംഗമായുള്ള ജോലി അയാൾക്കൊരു ഹരമായി തോന്നി.

പുതിയ സ്ഥാപനത്തിൽ ജോയിൻ ചെയ്ത് കുറച്ചു ദിവസം കഴിഞ്ഞാണ് സ്ഥാപനം കേന്ദ്രസ്ഥാപനമായി ഉയർത്താൻ പോകുന്നതായി അയാൾക്ക് മനസ്സിലായത്. സ്ഥാപനം കേന്ദ്രഗവൺമെന്റിന് കൈമാറുന്നത് തന്നെ ബാധിക്കുന്ന കാര്യമല്ല എന്ന പൊതുനിലപാടിലായിരുന്നു രമേശും. താൻ അംഗമായ സംഘടന കേന്ദ്രസ്ഥാപനമാക്കി മാറ്റുന്നതിനെ എതിർക്കുകയാണ് എന്നു മനസ്സിലാക്കിയിട്ടും രമേശിനു തന്റെ നിലപാടിൽ പ്രത്യേക മാറ്റമൊന്നുമുണ്ടായില്ല. പിന്നീ

ടെപ്പോഴെ അയാൾ പറഞ്ഞു: "കേന്ദ്രസ്ഥാപനമാക്കുകയാണെങ്കിൽ എന്റെ പ്രമോഷൻ സാധ്യതകൾ ഇല്ലാതാക്കും."

അയാൾ താൻ പഞ്ചായത്ത് സെക്രട്ടറിയുടെ ജോലി ഉപേക്ഷിച്ചു വന്നയാളാണെന്നും പ്രമോഷനിലുള്ള കൂടുതൽ അവസരങ്ങളാണ് ഈ ജോലി സ്വീകരിക്കാൻ തന്നെ പ്രേരിപ്പിച്ചതെന്നുമൊക്കെ പറയുന്നുണ്ടായിരുന്നു. കേന്ദ്രസ്ഥാപനമായാൽ ഫണ്ടിന്റെ കുറവുകളൊന്നുമുണ്ടാവില്ലെന്നും നമുക്കെല്ലാം അവിസ്മരണീയമായ പുരോഗതി ഉണ്ടാകുമെന്നും അയാളെ പറഞ്ഞു ബോധ്യപ്പെടുത്താൻ ഞാൻ ശ്രമിക്കാതിരുന്നില്ല.

മറുപടിയായി രമേശ് പറഞ്ഞതിങ്ങനെയാണ്: "സ്ഥാപനം നന്നാവുകയൊ നന്നാവാതിരിക്കുകയൊ ചെയ്യട്ടെ. എനിക്ക് എന്റെ കാര്യമാണ് വലുത്. സ്ഥാപനത്തിന്റെ മികവും നാടിനുണ്ടാവുന്ന നേട്ടങ്ങളുമൊന്നും എനിക്കു പ്രശ്നമല്ല."

ഇത്ര മനുഷ്യത്വമില്ലാതെ പറയരുതെന്ന് എനിക്ക് ഓർമിപ്പിക്കണമെന്നുണ്ടായിരുന്നു. എങ്കിലും മറുപടിയായി വന്നതിങ്ങനെയായിരുന്നു. "ഒരു പരിധിക്കപ്പുറമുള്ള പ്രമോഷനെ ബാധിക്കുമെന്നത് നേരുതന്നെ. പക്ഷെ കേന്ദ്ര സ്ഥാപനമാക്കിയാലുള്ള സാധാരണ ശമ്പളത്തിലുള്ള വർദ്ധനവും മറ്റാനുകൂല്ല്യങ്ങളും കണ്ടില്ലെന്നു നടിക്കുന്നതു ശരിയല്ല."

അയാൾ തുടർന്നു: "ആരും രാഷ്ട്രസേവനത്തിനൊന്നുമല്ലല്ലൊ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. എനിക്ക് എന്റെ കാര്യം നോക്കാതെ വയ്യ. ഇപ്പോഴത്തെ നിലയിൽ പോവുകയാണെങ്കിൽ ഞാൻ താങ്കളേക്കാൾ മുന്നെ ഓഫീസറാവും."

രമേശിന്റെ പരാമർശം എന്നിൽ വേദനയുളവാക്കി. തിരഞ്ഞെടുക്കപ്പെട്ടവരുടെ റാങ്ക് ലിസ്റ്റിൽ അയാൾ എന്നേക്കാൾ വളരെ പുറകിലായിരുന്നു എന്ന കാര്യം എന്റെ മനസ്സിലൂടെ കടന്നു പോയി. അയാളെ കൂടുതൽ ബോധ്യപ്പെടുത്താനുള്ള ശ്രമത്തിലായിരുന്നു ഞാൻ. പ്രമോഷനു തിരഞ്ഞെടുക്കുമ്പോൾ കഴിവുകൂടി പരിഗണിക്കുമെന്നേയുള്ളൂ. അതല്ലാതെ പ്രമോഷൻ നിഷേധിക്കുകയൊന്നുമില്ല. പ്രമോഷൻ സാധ്യതകൾക്കിടയിലൊരു കാര്യക്ഷമത.

അയാളുടെ മറുപടി ഇപ്രകാരമായിരുന്നു: “എന്റെ കഴിവു നോക്കിയൊന്നുമല്ലല്ലോ എന്നെ താങ്കളേക്കാൾ മുന്നിൽ നിയമിച്ചത്. ഞാൻ പിന്നോക്കവിഭാഗത്തിൽ പെട്ടതുകൊണ്ടല്ലേ?”

രമേശിനെ ബോധ്യപ്പെടുത്തുവാൻ സാധ്യമല്ല എന്നു മനസ്സിലാക്കി ഞാൻ മൗനം പാലിക്കാൻ തീരുമാനിച്ചു. എങ്കിലും അയാൾ പരിഹാസമെന്നോണം തുടർന്നു: “ഒരാളെ കണ്ടിട്ട് അയാളുടെ കഴിവും പ്രാപ്തിയും നിശ്ചയിക്കാൻ പറ്റുമോ?”

അതിന് അതിന്റേതായ മാനദണ്ഡങ്ങളുണ്ട് എന്നു പറയണമെന്നുണ്ടായിരുന്നു. എന്നാൽ മറുപടി ഞാൻ മനസ്സിലാണ് പറഞ്ഞത്. “ഉവ്വ്, ഒരാളുടെ സംസാരത്തിൽ നിന്നും അയാളുടെ മനുഷ്യത്വവും സംസ്കാരവും കാര്യക്ഷമതയും നിശ്ചയിക്കാൻ കഴിയും.”

❖ ❖ ❖

# 6

# ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

**പ**ഠനത്തിന്റെ തിരക്കിലായിരുന്നു. ഒരു എൻജിനീയറാകണമെന്നു തീരുമാനിച്ചുള്ള പഠനമായിരുന്നു. പഠനം മുൻകൂട്ടി തീരുമാനിച്ചതാണ്. എൻജിനിയറാകാനുള്ള തയ്യാറെടുപ്പുകൾ വളരെ മുൻകൂട്ടി തുടങ്ങിയതായിരുന്നുവല്ലൊ. കൂടുതൽ കൂടുതൽ വാശിയോടെ പഠിക്കുമ്പോഴും എൻജിനീയറാകാനുള്ള തയ്യാറെടുപ്പും ആത്മവിശ്വാസവും ഏറിവന്നിരുന്നു.

പ്രിഡിഗ്രിയ്ക്ക് പഠിക്കുമ്പോഴാണ് എനിക്ക് എൻജിനീയറിംഗിന് പോകണമെന്നു തോന്നിയത്. പ്രവേശനം കിട്ടുക അത്ര എളുപ്പമല്ല എന്നു പറയുമ്പോഴും എനിക്ക് സാധ്യമായതാണ് എൻജിനീയറിംഗ് പഠനം എന്നു ഞാൻ വിശ്വസിച്ചു. എന്റെ കൂട്ടുകാരി ശ്യാമള സ്കൂളിലേക്ക് പോകുംവഴിയാണ് ഞാനിക്കാര്യം ആദ്യമായി പറയുന്നത്. ശ്യാമള ചിരിച്ചതേയുള്ളൂ. എൻജിനീയറിംഗിനൊക്കെ കൂടുതൽ പഠിക്കാനുണ്ടാകുമെന്നും അതിനാൽ അവൾ അത്തരം പഠനത്തിലേക്കില്ലെന്നും തീർത്തു പറഞ്ഞു. ഞാൻ വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല. നല്ലവണ്ണം പഠിക്കുകയാണെങ്കിൽ നിനക്കും പ്രവേശനം കിട്ടാവുന്നതേയുള്ളൂ എന്നൊക്കെ ഞാൻ പറഞ്ഞു നോക്കി. പഠിക്കുന്ന കാര്യത്തിൽ മടിയുള്ളവളായിരുന്നതിനാൽ ഞാൻ ഇടക്കിടെ അവളെ എൻജിനീയറിഗിനു ചേരുന്ന കാര്യം ഓർമ്മിപ്പിക്കുമായിരുന്നു.

എൻട്രൻസ് പരീക്ഷ എഴുതിയത് ഞങ്ങളൊരുമിച്ചായിരുന്നു. പരീക്ഷ കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: "പ്രതീക്ഷച്ചത്രയും എളുപ്പമായിരുന്നില്ല. ഒരുവിധം നല്ലവണ്ണം ആൻസർ ചെയ്യുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്."

മറുപടിയെന്നോണം ശ്യാമള പറഞ്ഞു: "ബുദ്ധിമുട്ടി ഇത്രത്തോളം വന്നു പക്ഷെ എഴുതിയത് വെറുതെയായി. ഒരുവക ചോദ്യങ്ങൾ. എനിക്കറിയാവുന്ന കുറച്ചു ചോദ്യങ്ങൾ മാത്രം."

ശ്യാമളയുമായുള്ള സൗഹൃദത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. താഴെ ക്ലാസ്സു തൊട്ടേ ഒന്നിച്ചുള്ള പഠനമായിരുന്നു. ശ്യാമള ആവശ്യത്തിനും അനാവശ്യത്തിനുമൊക്കെ ടീച്ചറുടെ പിണക്കം ഏറ്റുവാങ്ങുമ്പോൾ സഹായത്തിനെത്തുക ഞാനായിരുന്നു. അതുകൊണ്ടു തന്നെ എന്റെ നിഴലായിട്ടായിരുന്നു ശ്യാമള ക്ലാസ്സിൽ പെരുമാറിയിരുന്നത്. കണക്കിലുള്ള സംശയങ്ങൾക്ക് ടീച്ചർ ആവർത്തിച്ചാവർത്തിച്ച് മറുപടി കൊടുത്താലും ശ്യാമളയുടെ സംശയം ബാക്കിയായിരിക്കും. അത്തരം അവസരങ്ങളിലെല്ലാം ഞാൻ തന്നെ മുൻകൈയ്യെടുത്ത് ശ്യാമളക്കു പറഞ്ഞുകൊടുക്കും. ചിലപ്പോഴൊക്കെ ശ്യാമള പറയും: "ഞാൻ പഠിപ്പു നിർത്തുകയാണ്. ഒരു വകയും എനിക്ക് മനസ്സിലാകുന്നില്ല."

അത്തരം സന്ദർഭങ്ങളിലെല്ലാം ഞാൻ ശ്യാമളക്ക് ആത്മവിശ്വാസം നൽകും. പഠിക്കുക എന്നത് അത്ര വലിയ പ്രയാസമുള്ള കാര്യമല്ലെന്നും സംശയങ്ങൾ ചോദിച്ചാൽ മതി എന്നുമൊക്കെ ഞാൻ ഉത്തേജനം നൽകുമായിരുന്നു. ഒടുവിൽ പത്താം തരം ശ്യാമള ഒരു വിധം ജയിക്കുകയായിരുന്നു. എനിക്കാകട്ടെ ഡിസ്റ്റിങ്ഷനുമുണ്ടായിരുന്നു. ഭാഗ്യമെന്നു പറയട്ടെ, തുടർന്നും ഞങ്ങൾക്കൊരുമിച്ചു പഠിക്കാൻ അഡ്മിഷൻ കിട്ടിയപ്പോൾ എന്നത്തേയും പോലെ സന്തോഷം തോന്നി.

എൻട്രൻസ് എഴുതുന്ന കാര്യം പറയുമ്പോൾ ശ്യാമള പറയും: "എൻജിനീയറിംഗിനു പോയാലും പാസ്സാകുമെന്ന പ്രതീക്ഷ എനിക്കില്ല."

ഒരിക്കൽ വഴിയിൽ വച്ചു ശ്യാമളയുടെ അച്ഛനെ കണ്ടപ്പോൾ ഞാൻ പറഞ്ഞു: "ശ്യാമള നല്ലവണ്ണം പഠിക്കുന്നുണ്ട്. ശ്യാമളയെ എൻട്രൻസ് ക്ലാസ്സിനു വിടണമെട്ടോ."

ശ്യാമളയും ഞാനും ഒരുമിച്ചാണ് എൻട്രൻസ് പരീക്ഷ ഫീസടച്ചതും കോച്ചിങ്ങിന് പോയിരുന്നതും. ചിലപ്പോഴൊക്കെ കോച്ചിങ് ക്ലാസ്സിൽ ശ്യാമള ഉഴപ്പുമ്പോൾ ഞാൻ ഓർമ്മപ്പെടുത്തും: നല്ലവണ്ണം പരിശ്രമിച്ചാൽ മാത്രമെ എൻജിനീയറിംഗിനു പ്രവേശനം കിട്ടുകയുള്ളൂ.

എൻട്രൻസ് പരീക്ഷയുടെ റിസൽട്ട് വന്നപ്പോഴാണ് ഞാൻ ശരിക്കും അമ്പരന്നു പോയത്. ശ്യാമള എന്നേക്കാൾ വളരെ പിറകിലുള്ള റാങ്കിലായിരുന്നു. എനിക്ക് സത്യത്തിൽ ശ്യാമളയുടെ മുഖത്തു നോക്കാൻകൂടി മടിതോന്നി. എന്തു പറഞ്ഞാണ് ശ്യാമളയെ സമാധാനിപ്പിക്കുക എന്നതായിരുന്നു എന്റ ചിന്ത. ഇത്രത്തോളം ഒത്തു പരിശ്രമിച്ചിട്ടും റാങ്കിൽ പിന്നോക്കം പോയതിൽ എനിക്ക് വല്ലാത്ത സങ്കടം തോന്നാതിരുന്നില്ല.

പ്രവേശനം അടുക്കുന്തോറും എനിക്ക് വല്ലാത്ത ടെൻഷൻ അനുഭവപ്പെട്ടു. പ്രതീക്ഷിക്കുന്ന സബ്ജക്ട് തന്നെ ലഭിക്കുമോ, പ്രതീക്ഷിക്കുന്ന കോളേജ് തന്നെ ലഭിക്കുമോ എന്നതായിരുന്നു എന്റെ ടെൻഷനുള്ള കാരണങ്ങൾ. ശ്യാമളയെ തൽക്കാലം ഞാൻ ഇത്തരം കാര്യങ്ങളിൽ ഉൾപ്പെടുത്തിയിരുന്നില്ല. കാരണം ശ്യാമളയുടെ റാങ്കു പ്രകാരം എൻജിനീയറിംഗിനുള്ള പ്രവേശനം കിട്ടുമോ എന്നു എനിക്ക് പ്രതീക്ഷയുണ്ടായിരുന്നില്ല.

ഒരു ദിവസം ശ്യാമള എന്നെ അന്വേഷിച്ചു വന്നു. പഴയ കൂട്ടുകാരിയെ കണ്ടതിലുള്ള സന്തോഷം എനിക്ക് മറച്ചു വക്കുവാൻ കഴിഞ്ഞില്ല. ഞാൻ അവളെ വീട്ടിലേക്ക് ക്ഷണിച്ചെങ്കിലും അവൾ അകത്തേക്കു വരാൻ കൂട്ടാക്കിയില്ല. പകരം പറഞ്ഞു: “എനിക്ക് എൻജിനീയറിംഗിനു പ്രവേശനം കിട്ടി. നീ പറഞ്ഞ കോളേജിൽ തന്നെയാണ്.”

ഞാൻ ഒന്ന് അമ്പരക്കാതിരുന്നില്ല. ശ്യാമളക്ക് പ്രവേശനം കിട്ടിയെന്നോ? അതും ഞാൻ പ്രവേശനത്തിനായി ആഗ്രഹിച്ചിരുന്നതും വീട്ടിൽനിന്നും പോയി വരാൻമാത്രം ദൂരമുള്ളതുമായ കോളേജിൽ. കൂടുതൽ എന്തെങ്കിലും ചോദിച്ചറിയും മുമ്പേ ശ്യാമള തിരക്കു കാണിച്ച് റ്റാറ്റാ പറഞ്ഞു പോയി. ഞാൻ അച്ഛന്റ അടുത്ത് ചെന്ന് എനിക്ക് എൻജിനീയറിംഗിനുള്ള പ്രവേശനം ആകാത്തതിന്റ കാര്യം ചോദിച്ചു. കൂട്ടത്തിൽ ശ്യാമളക്കു പ്രവേശനം കിട്ടിയ കാര്യവും അച്ഛനോടു പറഞ്ഞു.

അച്ഛൻ പ്രത്യേകിച്ചു മറുപടിയൊന്നും പറഞ്ഞില്ല. അന്വേഷിക്കാം എന്ന ഒറ്റ വാക്കിൽ മറുപടി അവസാനിപ്പിച്ചു. കൂട്ടത്തിൽ അമ്മയോടു പറയുന്നതിൽ നിന്നും എനിക്ക് ചില കാര്യങ്ങൾ മനസ്സിലായി. ശ്യാമള പിന്നോക്ക വിഭാഗത്തിൽ പെട്ടയാളാണെന്നും അതുകൊണ്ടാണ് ശ്യാമ

ളക്ക് സെൽഫ് ഫിനാൻസിങ് കോളേജിൽ മെറിറ്റിൽ പ്രവേശനം കിട്ടിയതെന്നും. എനിക്കും അവിടെത്തന്നെ പ്രവേശനം ആയിട്ടുണ്ടെന്നും കൂടിയ ഫീസ് കൊടുക്കുന്ന പേമെന്റ് സീറ്റാണ് ലഭിച്ചിരിക്കുന്നതെന്നും മനസ്സിലായി. പേമെന്റ് സീറ്റിൽ പഠിക്കുന്നയാൾ മെറിറ്റിൽ പഠിക്കുന്നയാളുടെ ഫീസും കൊടുക്കണം. അതിനാലാണ് ഇത്രയും ഭാരിച്ച ഫീസ് വരുന്നത്.

അച്ഛന്റെ പിന്നീടുള്ള വാചകങ്ങൾ എനിക്ക് സഹിക്കാനാകുമായിരുന്നില്ല. ഇത്രയും ഭാരിച്ച ഫീസ് നൽകി പെൺകുട്ടിയെ പഠിപ്പിക്കണമോ? അച്ഛന്റെ സംശയത്തോട് അമ്മയും സമ്മതം മൂളി. അതിൽ നിന്ന് എനിക്കൊരു കാര്യം വ്യക്തമായി. ഇത്രയും ഫീസ് കൊടുത്ത് പഠിപ്പിക്കാൻ അച്ഛൻ തയ്യാറല്ല. എന്റെ സങ്കടം അണപൊട്ടി ഒഴുകി.

എന്റെ എങ്ങിയുള്ള കരച്ചിൽ കേട്ടിട്ടാകണം അമ്മ അച്ഛനെ ഏറെ നിർബന്ധിക്കുണ്ടായിരുന്നു. ഒടുവിൽ അച്ഛൻ എന്റെ അടുക്കൽ വന്നു പറഞ്ഞു: "മോളെ പഠിപ്പിക്കണമെന്നു തന്നെയാണ് അച്ഛന്റെ ആഗ്രഹം. മോൾ നല്ല കുട്ടിയായി പഠിക്കുമെന്നും അച്ഛനറിയാം."

അച്ഛൻ എന്റെ കണ്ണുനീർ തുടച്ചു. പഠിക്കുവാനുള്ള തയ്യാറെടുപ്പു തുടങ്ങിക്കൊള്ളാൻ സമ്മതം നൽകി.

അങ്ങനെയാണ് ഞാൻ എൻജിനീയറിംഗിനുള്ള പഠനം തുടങ്ങിയത്. ശ്യാമളയുമൊത്ത് ഒരേ ക്ലാസ്സിലാണ് ഞങ്ങളുടെ പഠനം തുടങ്ങിയത്.

ഫീസ് കൊടുക്കേണ്ട സമയം വരുമ്പോൾ ഞാൻ പറയും: "നിന്റെ സെൽഫ് ഫിനാൻസിങ് ഫീസു കൂടിയാണ് ഞാൻ കൊടുക്കുന്നത്." ശ്യാമള മറുത്ത് എന്തെങ്കിലും പറയും. പതിവുപോലെ ഞാൻ മൗനം പാലിക്കുകയെയുള്ളൂ. ഇത്തരം കാര്യങ്ങൾ സംസാരിച്ചു വഷളാക്കി സൗഹൃദങ്ങൾ ഉലയ്ക്കാൻ ഞാൻ തയ്യാറായിരുന്നില്ല.

രണ്ടാം വർഷ അവസാന സെമസ്റ്റർ ഫീസടക്കാറായപ്പോൾ അച്ഛൻ പറഞ്ഞു: "നിറുത്തുക. വല്ല ജോലിക്കും പോകാൻ ശ്രമിക്കുക."

അവിടേയും എന്റെ കണ്ണു നീരിന്റ മുൻപിൽ അച്ഛൻ തോൽവി സമ്മതിച്ചു. ഒരുവിധം രണ്ടാം വർഷം ഫീസടച്ചു. അപ്പോഴേക്കും ഞാൻ

ട്യൂഷൻ ടീച്ചറായി മാറിയിരുന്നു. ശ്യാമളക്കു പറഞ്ഞു കൊടുത്തിരുന്ന മുൻപരിചയം എനിക്ക് മുതൽ കൂട്ടായി. അതുകൊണ്ടു തന്നെ ടീച്ചറു പണി അത്ര ഭാരമായി എനിക്ക് തോന്നിയിരുന്നില്ല.

പിന്നീടെപ്പോഴൊ കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യമായി. ശ്യാമള കോളേജിലേക്ക് പോകുന്നത് ഒറ്റക്കായി. എന്റെ പഠനം പാതി വഴിയിൽ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. എനിക്ക് വലിയ പ്രയാസം തോന്നിയില്ല. അച്ഛൻ ഏറെക്കുറെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയിരുന്നു. പണത്തിന്റ ആവശ്യം ഏറി വരുമ്പോൾ, പൂർത്തിയാക്കാൻ പറ്റാതെ പോയ കോഴ്സിനു വേണ്ടി ചിലവഴിച്ച കാശിനെപ്പറ്റിയാവും വേവലാതി.

ട്യൂഷൻ മാത്രം പോര, ഒരു ഉദ്യോഗം കൂടി വേണമെന്നു പറഞ്ഞതും അപേക്ഷകളയക്കാൻ പ്രേരിപ്പിച്ചതും അച്ഛനായിരുന്നു. കൂട്ടത്തിൽ സ്വീപ്പറുടെ ജോലിക്കായി അപേക്ഷ അയക്കാൻ പ്രേരിപ്പിച്ചതും അച്ഛൻ തന്നെയായിരുന്നു. അച്ഛൻ പറഞ്ഞതുപോലെ സംഭവിച്ചു. സ്വീപ്പറുടെ ജോലിയായിരുന്നു എനിക്ക് ലഭിച്ചത്.

ഞാൻ ജോലിക്ക് ജോയിൻ ചെയ്യാൻ അച്ഛനെ കൂട്ടിയാണ് പോയത്. എനിക്ക് ജോലിയിൽ പ്രവേശിക്കാൻ പ്രയാസമുണ്ടായിരുന്നില്ല. ശ്യാമളയുടെ ഓഫീസിലായിരുന്നു ജോലിക്ക് ജോയിൻ ചെയ്തത്. ശ്യാമള ഓഫീസ് മേധാവിയായി അതിനു മുമ്പെ ചാർജെടുത്തിരുന്നു.

ശ്യാമള കസേരയിൽ അമർന്നിരുന്നു കൊണ്ട് പറഞ്ഞു: "നന്നായി, ഈ ആഫീസിൽ തന്നെ ജോയിൻ ചെയ്തത് നന്നായി. എനിക്ക് സംശയം ചോദിക്കാൻ ഒരാളായല്ലോ."

ഞാൻ പ്രത്യേകിച്ച് മറുപടിയൊന്നും പറഞ്ഞില്ല. ഞാനപ്പോൾ ഒരു തമാശ ആസ്വദിക്കാനുള്ള അവസ്ഥയിലുമായിരുന്നില്ല.

❖ ❖ ❖

# 7

# വയ്യ കുട്ടീ, ഒരു തുടർച്ചക്കു കൂടി കൂട്ടുനിൽക്കാൻ വയ്യ...

സുമതി ന്യൂസ്പേപ്പർ വായനയിലായിരുന്നു. സെൽഫ് ഫിനാൻസിംഗ് മേഖലയിലെ പ്രവേശന ഭാഗം ശ്രദ്ധയോടെ വായിക്കുകയായിരുന്നു. ലോകമാകെ ഇന്റർ ചർച്ച് കൗൺസിൽ സ്ഥാപനങ്ങളിൽ പ്രവേശനത്തിനായി ആദരവോടെ കാത്തിരിക്കുമ്പോഴും എന്തെ ഇന്റർ ചർച്ച് കൗൺസിലിനെ മാത്രം ഒറ്റപ്പെടുത്തുന്നു എന്ന് എത്ര ചിന്തിച്ചിട്ടും സുമതിക്കു മനസ്സിലായില്ല. താനും പലപ്പോഴും ഇന്റർ ചർച്ച് കൗൺസിലിന്റെ തീരുമാനങ്ങളോട് യോജിച്ചിരുന്നുവല്ലോ എന്ന് സുമതി ആലോചിച്ചു. കോളിംഗ് ബെല്ലടിക്കുന്ന ശബ്ദം കേട്ട് ചിന്തയിൽനിന്ന് ഉണർന്ന് സുമതി വാതിൽ തുറന്നു നോക്കി. പുറത്ത് ഏതാനും പുസ്തകങ്ങളുമായി സുമി കാത്തു നിൽക്കുന്നു. സുമി പറഞ്ഞു: "എനിക്ക് പഠിക്കണം. കുറച്ചു പാഠങ്ങൾ കൂടി പറഞ്ഞു തരണം." സുമിയുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. മറുപടിയായി സുമതി വാതിൽ കൊട്ടിയടച്ചു. സുമതി വല്ലാതെ വീർപ്പുമുട്ടാനും ഏങ്ങലടിക്കാനും തുടങ്ങി. അമർത്തിപ്പിടിച്ച വാതിലിനോടു ചേർന്ന് അവർ വല്ലാതെ തേങ്ങി.

സജിത്തും അജിത്തും സുമതിയുടെ അയൽക്കാരാണ്. രണ്ടു പേരും പഠനം പാതിവഴിയിലിട്ട് നിറുത്തിയവർ. സുമതിയുടെ നിർബന്ധത്തിനു വഴങ്ങിയാണ് അത്യാവശ്യം വിദ്യാഭ്യാസം നേടിയതു തന്നെ. ഇരുവരും സുഹൃത്തുക്കളും തെറ്റുചെയ്താലും ശരി ചെയ്താലും ഇരുവരും അതിൽ പങ്കാളികളുമായിരിക്കും. സുമതി അജിത്തിനേയും സജിത്തിനേയും വിളിച്ചുപദേശിക്കും. ഏതോ ഒരു പുണ്യകാര്യം ചെയ്യുന്നതുപോലെയാണ് സുമതിക്കു തോന്നിയിരുന്നത്. കുട്ടികൾ സ്ക്കൂളിൽ പോയാൽ സജിത്തും അജിത്തും ആ വഴിക്കെങ്ങാനും ഉണ്ടോ എന്നു തിരക്കും. ഉണ്ടെങ്കിൽതന്നെ ഇരുവരും മനപൂർവ്വം

മറഞ്ഞിരിക്കുകയായിരിക്കും. അല്ലെങ്കിൽ സുമതിയുടെ വക എന്തെങ്കിലും ഉപദേശം കിട്ടാതിരിക്കില്ല. സുമതി തരം കിട്ടുമ്പോഴൊക്കെ അവരെ സൽക്കരിക്കാറുമുണ്ട്. അപ്പോഴൊക്കെ അവരുടെ പെരുമാറ്റം മാറ്റി യെടുക്കാമെന്നു സുമതി ആഗ്രഹിക്കാറുണ്ട്. എന്നും എന്തെങ്കിലും പരാതി സജിത്തിനേയും അജിത്തിനേയും പറ്റിയുണ്ടാകും. നാട്ടുകാർ അവരെ കുരുത്തംകൊള്ളികൾ എന്നാണ് വിശേഷിപ്പിക്കാറെങ്കിലും സുമതി അവരോട് പ്രത്യേകം സ്നേഹപ്രകടനങ്ങൾ നടത്തും. കൂട്ട ത്തിൽ ചിലപ്പോഴൊക്കെ വിലപ്പെട്ട സാധനങ്ങൾ നഷ്ടപ്പെടാറുണ്ട് എന്നു സുമതി മനസ്സിലോർത്തു.

ആയിടക്കാണ് പത്രത്താളുകളിൽ ഇലക്ട്രിസിറ്റി ബോർഡിൽ ജോലിക്കാളെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രത്യക്ഷപ്പെടുന്നത്. സുമതി അവരെ നിർബന്ധപൂർവ്വം വിളിച്ചു വരുത്തി. ആദ്യമാദ്യം സുമതിയുടെ ഉപദേശം ഭയന്ന് അവർ മടി കാണിച്ചെങ്കിലും സുമതി തന്നെ അവർക്കുവേണ്ടി അപേക്ഷകൾ തയ്യാറാക്കി. ചോദിക്കാറുള്ള ചോദ്യങ്ങളുടെ ഏകദേശരൂപം മനസ്സിലാക്കി. താഴ്ന്ന ജോലിക്കുപോലും എം.എക്കാരും എം.എസ്സിക്കാരുമൊക്കെ ഉണ്ടാകുമെന്ന് സുമതിക്ക് അപ്പോഴാണ് മനസ്സിലായത്.

സുമതി അവരുടെ അച്ഛനേയും അമ്മയേയും പറഞ്ഞ് കാര്യ ങ്ങൾ ബോധ്യപ്പെടുത്തി. അവർക്ക് ജോലിക്കായി പഠനസംബന്ധമായി ചില തയ്യാറെടുപ്പുകളൊക്കെ വേണമെന്നും സുമതി അവർക്ക് കാര്യ ങ്ങൾ പറഞ്ഞു കൊടുക്കാമെന്നും ഏറ്റു. എല്ലാ ദിവസവും അവരെ സുമതിയുടെ വീട്ടിലേക്ക് എത്തിക്കുന്ന കാര്യം അജിത്തിന്റേയും സജിത്തിന്റേയും മാതാപിതാക്കളെ ചുമതലപ്പെടുത്തി. എന്തോ മഹാഭാഗ്യം വരുന്നു എന്നാണ് അജിത്തിന്റെയും സജിത്തിന്റേയും മാതാപിതാക്കൾക്ക് മനസ്സിലായത്. അജിത്തും സജിത്തുമാകട്ടെ തങ്ങൾ ഇത്തരമൊരു പഠനത്തിനില്ലെന്നു തീർത്തു പറഞ്ഞു. പിന്നെ പിന്നെ സുമതിയുടെ നിർബന്ധത്തിനും സൽക്കാരത്തിനും മുൻപിൽ ഇരുവരും ഒരുവിധം തയ്യാറെടുക്കാമെന്നു തീരുമാനത്തിലെത്തി.

ജോലിക്കായുള്ള പരീക്ഷ കഴിഞ്ഞ് എത്തുംവരെ സുമതിക്കാ യിരുന്നു ടെൻഷൻ. പരീക്ഷ കഴിഞ്ഞിട്ടും അജിത്തിനേയും സജിത്തി നേയും കാണാൻ പറ്റാത്തതിൽ സുമതിക്ക് വല്ലാത്ത ഈർഷ്യ അനുഭവപ്പെട്ടു.

സുമതി റിസൽട്ട് വരുന്ന ദിവസം നോക്കി നിൽക്കുകയായിരുന്നു. ന്യൂസ് പേപ്പറിൽ റാങ്ക് ലിസ്റ്റ് വരുന്ന കാര്യം തന്നെ വായിച്ചപ്പോൾ സുമതി അജിത്തിനേയും സജിത്തിനേയും തിരക്കി പുറപ്പെട്ടു. ഏറെ നേരത്തെ കാത്തിരിപ്പിനുശേഷമാണ് സുമതിക്ക് ഇരുവരേയും നേരിൽ കാണാൻ പറ്റിയത്. സുമതി ഏതോ വലിയ വാർത്ത പറയുംപോലെ യായിരുന്നു. അജിത്തിനും സജിത്തിനുമാകട്ടെ താൽപ്പര്യമില്ലാത്ത ഏന്തൊ കേട്ടതുപോലെയാണ് അനുഭവപ്പെട്ടത്.

സുമതി തന്നെ അവരുടെ റിസൽട്ട് പരിശോധിക്കാൻ തീരുമാനിച്ചു. പട്ടികയുടെ ഏറ്റവും താഴെയായിരുന്നു ഇരുവരുടേയും പേരുകൾ. സുമതിക്ക് പ്രതീക്ഷ നശിച്ച പോലെയായിരുന്നു. ഒരു കാര്യവുമില്ലാതെ എന്തിനോവേണ്ടി സമയം പാഴാക്കിയതുപോലെ സുമതിക്കു തോന്നി. അജിത്തിനേയും സജിത്തിനേയും കണ്ടപ്പോൾ സുമതി പറഞ്ഞു: “ഇതിലും ഭേദം കടലിലെ വെള്ളം വറ്റിക്കാൻ ശ്രമിക്കുകയായിരുന്നു. നിങ്ങളുടെ പേര് പട്ടികയുടെ ഏറ്റവും താഴെയാണ്.” അജിത്തും സജിത്തും ചിരിച്ചതേയുള്ളൂ. അജിത്തും സജിത്തുമാകട്ടെ അവരുടെ പേര് പട്ടികയുടെ താഴെ ഉണ്ടായിരുന്നു എന്നതു തന്നെ വലിയ കാര്യമായി കരുതി.

ജോലിക്കുള്ള നിമയന ഉത്തരവുമായി അജിത്തും സജിത്തും എത്തിയപ്പോഴും സുമതിക്കു വിശ്വസിക്കാൻ തോന്നിയില്ല. ഇതു വല്ലാത്ത അത്ഭുതംതന്നെ. പട്ടികയിൽ ഇവർക്ക് മുൻപിൽ വളരെയേറെ പേരുകളുണ്ടായിട്ടും എങ്ങിനെ ഇവർക്ക് നിയമന ഉത്തരവു ലഭിച്ചു എന്നതിൽ സുമതിക്കു സംശയം തോന്നാതിരുന്നില്ല. പിന്നോക്ക വിഭാഗത്തിൽ പെട്ടവരായതുകൊണ്ടാണ് പുറകിലായിരുന്നിട്ടും നിയമന ഉത്തരവ് ലഭിച്ചതെന്ന് സുമതി മനസ്സിലാക്കി.

അജിത്തിന്റെയും സജിത്തിന്റെയും സ്വഭാവത്തെപ്പറ്റി നാട്ടുകാർ ആശങ്ക പറയുമ്പോഴും സുമതി ആ അഭിപ്രായങ്ങൾ കാര്യമാക്കിയില്ല. സ്വന്തം കുട്ടികളുടെ കാര്യത്തിലെന്നപോലെ അജിത്തിന്റെയും സജിത്തിന്റെയും കാര്യത്തിൽ താൽപ്പര്യം കാണിച്ചു. അജിത്തിന്റെയും സജിത്തിന്റെയും കുട്ടികൾക്ക് സുമതി പാഠങ്ങൾ പറഞ്ഞു കൊടുക്കുക പതിവാക്കി. അവരുടെ കുട്ടികളെ സുമതിയുടെ അടുക്കൽ പറഞ്ഞയക്കാൻ അവർ മടികാണിച്ചിരുന്നില്ല. സുമതിയുടെ നിരന്തരമായ പ്രേരണകൊണ്ട് മികച്ച വിജയം കൈവരിക്കാൻ കുട്ടികൾക്ക് കഴിഞ്ഞിരുന്നു.

പട്ടികയിൽ വളരെ താഴെയായിരുന്നിട്ടും അജിത്തിനും സജിത്തിനും മറ്റുള്ളവരേക്കാൾ വേഗത്തിൽ തന്നെ പ്രൊമോഷൻ കിട്ടുന്നതിൽ സുമതിക്കായിരുന്നു സന്തോഷം.

സുമി പ്ലസ്സ് ടു പഠിക്കുമ്പോൾ തന്നെ മെഡിസിനു പോകുന്ന കാര്യത്തെപ്പറ്റി സുമതി അവളെ ബോധവതിയാക്കിയിരുന്നു. സുമതി പ്രത്യേക താൽപ്പര്യമെടുത്ത് അവളുടെ സംശയങ്ങൾ പറഞ്ഞു കൊടുക്കാനും ശ്രദ്ധിച്ചു. സുമി എൻട്രൻസ്സിനു തയ്യാറെടുക്കുന്ന സമയമായിരുന്നു. ഒരു ദിവസം സുമി വന്നപ്പോൾ പറഞ്ഞു: "ഇന്നലെ അച്ഛനേയും ചെറിയച്ഛനേയും പോലീസുകാർ കൊണ്ടു പോയി." പുസ്തകങ്ങൾ എടുത്ത് വക്കുമ്പോൾ ഏതോ നിസ്സാര കാര്യം പറയും പോലെയായിരുന്നു സുമി അതു പറഞ്ഞത്.

സുമതി വളരെ അസ്വസ്ഥയായിരുന്നു. അവർ സുമിയെ പിടിച്ചു കുലുക്കി. എന്നിട്ടു പറഞ്ഞു: "എന്ത്? എന്താണ് കുട്ടി നീ പറഞ്ഞത്? നിന്റെ അച്ഛനേയും ചെറിയച്ഛനേയും പോലീസുകാർ വാനിൽ കയറ്റി കൊണ്ടുപോയെന്നോ? എന്തിന്? എന്തിന് അവർ നിന്റെ അച്ഛനെ കൊണ്ടു പോയി?" സുമതി ഒറ്റ ശ്വാസത്തിലാണ് അതു ചോദിച്ചത്. സുമതിയുടെ ഭാവമാറ്റം കണ്ടപ്പോൾ സുമി വല്ലാതെ ഭയപ്പെട്ടു പോയി. ആ കണ്ണുകളിൽ നോക്കി സുമി പറഞ്ഞു: "പേടിക്കാനില്ല, അവർ തനിയെ വന്നുകൊള്ളും." ഏതോ സാധാരണ സംഭവം നടന്നതു പോലെയായിരുന്നു സുമിയുടെ മറുപടി.

എത്ര ആലോചിച്ചിട്ടും സുമിയുടെ നിസ്സംഗത സുമതിക്കു മനസ്സിലാകുമായിരുന്നില്ല. ഏതൊ സാധാരണ സംഭവം പോലെ, ഒഴുക്കൻ മട്ടിൽ അച്ഛനെ പോലീസ്സുകാർ ജീപ്പിൽ കയറ്റികൊണ്ടുപോയി എന്ന സുമിയുടെ വിവരണം സുമതിയിൽ ആശങ്കയും അങ്കലാപ്പുമുണ്ടാക്കി.

പരുന്തു റാഞ്ചിയെടുത്ത കോഴിക്കുഞ്ഞിന്റെ തള്ള കോഴി കണക്കെ സുമതി വെപ്രാളപ്പെട്ട് അങ്ങുമിങ്ങും നടന്നു. ഇത്തിരി സമാധാനം കൂടിയുണ്ടായിരുന്നത് തനിക്ക് നഷ്ടപ്പെട്ടതായി സുമതിക്കു മനസ്സിലായി.

ഇലക്ട്രിസിറ്റി ബോർഡിന്റെ ഗോഡൗണിൽ സൂക്ഷിച്ചിരുന്ന ചെമ്പു കമ്പികൾ ഇരുവരും ചേർന്ന് മോഷ്ടിച്ചിരിക്കുന്നു. സുമതിക്ക് വല്ലാത്ത അപമാനം തോന്നി. താൻ എന്തൊ തെറ്റു ചെയ്തതുപോലെ സുമതിക്കു തോന്നി.

പുസ്തകത്തിലെ സംശയവുമായി എത്തിയ സുമിക്കുനേരെ ഈറ്റപുലിപോലെ സുമതി ചീറ്റി. എന്നിട്ടു പറഞ്ഞു: "മതി നിന്റെ മെഡിസ്സിൻ പഠിപ്പ്." അല്പസമയം കഴിഞ്ഞ് മനസ്സാന്നിധ്യം വീണ്ടെടുത്തിട്ട് സുമതി പറഞ്ഞു: "അദ്ധ്യാപകർ പറഞ്ഞിട്ടുണ്ട് സുമിക്ക് മെഡിസ്സിനു സീറ്റു കിട്ടുക അത്ര ബുദ്ധിമുട്ടൊന്നുമുള്ള കാര്യമല്ല. പിന്നോക്ക വിഭാഗത്തിൽ പെട്ടതാണല്ലൊ. പക്ഷെ കുട്ടീ എനിക്കിനി വയ്യ. ഇന്നു മുതൽ ഞാൻ നിനക്കു പറഞ്ഞു തരുന്നതു നിർത്തുകയാണ്. പോയ്ക്കൊള്ളൂ." ഇതു പറഞ്ഞതും സുമതിയുടെ കണ്ണുകൾ നിറയുന്നതായി സുമിക്കു മനസ്സിലായി.

ആ സുമിയാണ് ഇപ്പോൾ വീണ്ടും തന്റെ വാതിലിൽമുട്ടി നിൽക്കുന്നത്. താൻമൂലം ജോലിക്കു കയറിയവർ പൊതുമുതൽ കളവു ചെയ്തിരിക്കുന്നു. പോലീസ് കസ്റ്റഡിയിൽ നിന്നും അവരെ മോചിപ്പിച്ചോ എന്നുപോലും ചോദിക്കാനുള്ള മനസ്സാന്നിധ്യം സുമതിക്കുണ്ടായിരുന്നില്ല. ഇപ്പോഴിതാ അവരുടെ മകൾ അച്ഛനും ചെറിയച്ഛനും പോലീസ്സ് ക്സ്റ്റഡിയിലായിട്ടും സംശയം ചോദിക്കാനെത്തിയിരിക്കുന്നു. എങ്ങനെ സുമിക്ക് ഇത്തരമൊവസ്ഥയിൽ മനസ്സാന്നിധ്യം ലഭിക്കുന്നു എന്നത് സുമതിക്കു മനസ്സിലാകുന്നില്ലായിരുന്നു. സുമതി വാതിൽ ചേർത്തു കൊട്ടിയടച്ചു. എന്നിട്ടു തേങ്ങി: "വയ്യ കുട്ടീ, ഇനി വയ്യ." ഒരു തുടർച്ചക്കു കൂടി കൂട്ടു നിൽക്കാൻ വയ്യ.

സുമതിയുടെ കൈയ്യിൽ ഇന്റർ ചർച്ച് കൗൺസിലിന്റെ പ്രവേശനം സംബന്ധിച്ച വാർത്തയും അതിനു താഴെ കിഡ്നി വിൽപ്പന നടത്തിയ ചിത്രവുമടങ്ങിയ ന്യൂസ് പേപ്പർ അപ്പോഴും വിറകൊള്ളുന്നുണ്ടായിരുന്നു.

❖ ❖ ❖

# 8

# വീണ്ടുമൊരു അംബാസിഡർ യാത്ര

**എ**നിക്കൊരു കാറു വാങ്ങണമെന്നുണ്ടായിരുന്നു. കാറു വാങ്ങുന്ന കാര്യം ഭാര്യയോടും കുട്ടികളോടും പറയണ്ട എന്നു ഞാൻ തീരുമാനിച്ചു. കാറ് വാങ്ങുവാനുള്ള എൻെറ തീരുമാനം അവരെ അറിയിച്ചാൽ അവർക്കുണ്ടാകുന്ന സന്തോഷത്തെപ്പറ്റി എനിക്കൂഹിക്കാമായിരുന്നു. എന്നിട്ടും തല്ക്കാലം പറയണ്ട എന്നു തീരുമാനിച്ചു. ഒരുപക്ഷെ എനിക്ക് കാറ് വാങ്ങുവാൻ കഴിഞ്ഞില്ലെങ്കിലോ എന്ന സന്ദേഹമായിരിക്കാം എനിക്കവരിൽ നിന്നും കാറു വാങ്ങുന്ന കാര്യം മറച്ചു വക്കുവാൻ കാരണമായി തോന്നിയത്.

സ്ഥിരമായി കാണുന്ന ഒരു സ്വപ്നം പോലെയാണ് ഒരു വണ്ടി സ്വന്തമാക്കുക എന്ന മോഹം എന്നിൽ ഒളിഞ്ഞു കിടന്നിരുന്നത്. എൻെറ കുട്ടിക്കാല സ്വപ്നങ്ങളിൽ എന്നും വണ്ടികൾ നിറഞ്ഞു നിന്നിരുന്നു. ബസ്സും കാറും മറ്റു വണ്ടികളും അത് ഓടിക്കുന്ന ഡ്രൈവറും എൻെറ ആരാധനാപാത്രങ്ങളായിരുന്നു. വല്ലപ്പോഴും തരപ്പെടുന്ന ബസ്സ് യാത്രക്കിടയിൽ ഡ്രൈവറുടെ പിൻവശത്ത് വന്ന് ഒരാരാധകനെപ്പോലെ നോക്കിനിൽക്കും. അപ്പോഴൊക്കെ അമ്മ എന്നെ അരികിലേക്ക് ചേർത്തുനിർത്തും. പിന്നെയെപ്പോഴൊ ബസ്സ് എന്നത് എന്റെ ചിന്തകളിൽ നിന്നും ഒഴിഞ്ഞുമാറി കാറുകൾ ആ സ്ഥാനം ഏറ്റെടുത്തു.

അടുത്ത പ്രദേശത്തെ കാറുകളുടെ നമ്പറുകൾ എനിക്ക് മനഃപാഠമായിരുന്നു. വല്ല വിശേഷ ദിവസങ്ങളിലുമാണ് കാറിൽ കയറി യാത്ര ചെയ്യുവാൻ കഴിഞ്ഞിരുന്നത്. ഞെങ്ങി ഞെരുങ്ങി കൊള്ളാവുന്നതിലധികം ആളുകളെ കയറ്റുമ്പോഴും ഡ്രൈവറുടെ അടുത്ത് സീറ്റു കിട്ടുവാൻ എത്ര പ്രയാസപ്പെട്ടിരുന്നു. ഞെങ്ങി ഞെരുങ്ങി ആരേയും കൂസാതെയുള്ള അംബാസിഡറിലെ യാത്ര ഇപ്പോഴും ത്രില്ലടിപ്പിക്കുന്ന ഓർമ്മയാണ്. മോഹഭംഗങ്ങളുടെ ഘോഷയാത്രക്കിടയിൽ ഉപേക്ഷിച്ചും മറന്നും പോയ പല സംഭവങ്ങളിലും കാറുമാത്രം പച്ചയായി നിലനിന്നിരുന്നു. പിന്നീടെപ്പോഴൊ പഴമയോടുള്ള പുച്ഛം അംബാസിഡറിനോടും തോന്നിയെങ്കിലും കാറു സ്വന്തമാക്കണമെന്ന മോഹം മനസ്സിൽ കനത്തു നിന്നിരുന്നു.

ആയിടക്കാണ് ശിവൻകുട്ടി കാറു വാങ്ങിയ കാര്യം ഞാനറിഞ്ഞത്. ശിവൻകുട്ടി എന്നോടൊപ്പം കളിച്ചും പഠിച്ചും വളർന്നയാളാണ്. ഞാൻ ജോലിയിൽ പ്രവേശിക്കുമ്പോഴും ശിവൻകുട്ടി ജോലിയില്ലാതെ നടക്കുകയായിരുന്നു. എന്നിട്ടും ശിവൻകുട്ടി കാറ് സ്വന്തമാക്കിയിരിക്കുന്നു എന്നത് എന്നിൽ അവനോട് അസൂയ ജനിപ്പിച്ചു. അപ്രതീക്ഷിതമായാണ് ശിവൻകുട്ടിയെ വഴിക്കു വച്ചു കാണുവാനിടയായത്. കാറു വാങ്ങിയ കാര്യം ശിവൻകുട്ടിതന്നെ പറയട്ടെ എന്നു ഞാൻ വിചാരിച്ചു. അതുണ്ടായില്ലെന്നു മാത്രമല്ല അവന്റെ മറുപടി എന്റെ മനസ്സിനെ വല്ലാതെ അലോസരപ്പെടുത്തി.

ശിവൻകുട്ടിയോട് ഞാൻ ചോദിച്ചു: "ശിവൻകുട്ടി കാറ് വാങ്ങിയല്ലേ?" കാറ് വാങ്ങിയ വിവരം എന്നോടു മറച്ചു വച്ചതിലുള്ള നീരസം എന്റെ ചോദ്യത്തിൽ ഒളിഞ്ഞിരിപ്പുണ്ടായിരുന്നു.

ശിവൻകുട്ടി മറുപടിയായി ഒരു ചോദ്യമാണ് ചോദിച്ചത്. അയാൾ പറഞ്ഞു: "ഇപ്പോൾ സ്വന്തമായി കാറില്ലാത്തവർ ആരാണ്?"

ശിവൻകുട്ടിയുടെ മറുപടിയിൽ എനിക്ക് വല്ലായ്മ തോന്നി. എന്റെ അമ്പരപ്പ് മറച്ചുവക്കുവാൻ എനിക്ക് നന്നെ പണിപ്പെടേണ്ടി വന്നു. എന്റെ മനസ്സിന്റെ നൊമ്പരം ഒന്നു മറക്കാനെന്നോണം ഞാൻ പറഞ്ഞു: "നന്നായി, കാറ് വാങ്ങിയത് നന്നായി. കുടുംബവുമൊത്തുള്ള യാത്രക്കായി ഇനി മറ്റു വാഹനങ്ങളെ ആശ്രയിക്കേണ്ടതില്ലല്ലോ?"

ശിവൻകുട്ടി ഞാൻ പറഞ്ഞതൊന്നും അത്ര കാര്യമായി ശ്രദ്ധിക്കുന്നില്ലെന്നെനിക്കു തോന്നി. അയാൾ സ്വന്തമായി കാറുള്ള സുഹൃത്തുക്കളുടെ നീണ്ട പട്ടികകൂടി പറഞ്ഞിട്ടേ സംസാരം അവസാനിപ്പിച്ചുള്ളൂ. ഞാൻ അപ്പോഴും ശിവൻകുട്ടി വാങ്ങിയ കാറിനെ തന്നെ നോക്കി നില്ക്കുകയായിരുന്നു. അവസാനം അയാൾ കാറിൽക്കയറി പോകുന്നതും നോക്കിനിന്നു. അയാൾ എന്നെ വിളിക്കുകയോ എന്നോട് വരുന്നുണ്ടോ എന്നു തിരക്കുകയോ ഉണ്ടായില്ല. എനിക്കും അയാൾക്കും ഒരിടത്തേക്കാണ് പോകേണ്ടതെന്നു ഞങ്ങളുടെ സംസാരത്തിൽ പറഞ്ഞിരുന്നതുമാണ്. എന്നെങ്കിലുമൊരിക്കൽ ഞാനും കാറു സ്വന്തമാക്കുമെന്ന് മനസ്സിൽ കുറിച്ചിട്ടു.

കൂടെ ജോലിചെയ്യുന്നവർ ഓരോരുത്തരായി കാറു വാങ്ങുന്ന കാര്യം പറയുമ്പോൾ ഞാനല്പം അസ്വസ്ഥനാകാതിരുന്നില്ല. പുതിയ തരം കാറുകൾ നിരത്തിലിറങ്ങുന്നത് മോഹത്തോടെ നോക്കി നിന്നു.

കമ്പനി മാനേജറുടെ മകളുടെ വിവാഹമാണ്. പോകാതിരിക്കാൻ കഴിയില്ല. പോകാമെന്നു തീരുമാനിച്ചപ്പോഴാണ് ഒരു പുകിൽ മനസ്സിലായത്. കല്യാണ മണ്ഡപവും റിസപ്ഷനും വളരെ അകലെയാണ്. കല്യാണത്തിനു പോകേണ്ടത് വളരെ ആവശ്യമായിരിക്കുന്നു. മാനേജർ പ്രത്യേകം ക്ഷണിച്ചിരുന്നതുമാണ്. കല്യാണമണ്ഡപത്തിൽനിന്നും റിസപ്ഷനിലേക്ക് വണ്ടി അറേഞ്ച് ചെയ്തിരിക്കുമെന്നു മനസ്സിൽ കരുതി. എങ്കിലും സംശയ നിവാരണത്തിനെന്നവണ്ണം ഞാൻ അടുത്ത സീറ്റിലിരിക്കുന്ന ശിവൻകുട്ടിയോടു തിരക്കി.

അയാൾ പറഞ്ഞു: "ഇപ്പോൾ സ്വന്തമായി കാറില്ലാത്തവർ ആരാണ്?" സ്വന്തമായി കാറില്ലാത്തവർ വരേണ്ടന്നായിരിക്കും ശരിയാണ്. സ്വന്തമായി കാറില്ലാത്തവർ നന്നെ കുറവായിരിക്കുന്നു. എന്റെ മനസ്സിൽ എവിടെയൊ ഒരു മുറിവ് പറ്റിയതുപോലെ തോന്നി. കുടുംബത്തോടൊപ്പം പോകാമെന്നുറപ്പിച്ചതായിരുന്നു. തല്ക്കാലം തനിച്ചു പോകാമെന്നു തീരുമാനിച്ചു.

അങ്ങനെയാണ് കാറു വാങ്ങുന്ന കാര്യം ഞാൻ ഉറപ്പിച്ചു തീരുമാനിച്ചത്. തീരുമാനം മക്കളോടും ഭാര്യയോടും പ്രഖ്യാപിക്കുന്നതിൽ ഞാൻ വിമുഖത കാണിച്ചു എന്നതു നേരാണ്. മാനേജരോടും മറ്റു സഹപ്രവർത്തകരോടും അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു എന്നതും നേരുതന്നെയാണ്. ഒരുപുതിയ കാറു സ്വന്തമാക്കാൻ എനിക്ക് ഏറെ ക്ലേശിക്കേണ്ടി വന്നില്ല. എന്റെ സമ്പാദ്യത്തിൽ ഒരു കാറു വാങ്ങുവാൻ ആവശ്യമായ തുക ഉണ്ടായിരുന്നു.

തിരുവനന്തപുരത്തേക്കുള്ള യാത്രയിലായിരുന്നു; വല്ലപ്പോഴും തരപ്പെടുന്ന ട്രെയിൻ യാത്ര ഞാൻ ആസ്വദിച്ചിരുന്നതുമാണ്. എറണാകുളത്തുനിന്നും തിരുവനന്തപുരത്തേക്കുള്ള യാത്ര സ്വന്തമായി വാങ്ങിയ കാറില് തന്നെയാകട്ടെ എന്നു തീരുമാനിച്ചതിൽ മറ്റു ചില കാരണങ്ങളുമുണ്ടായിരുന്നു. എന്റെ കൂടി ജൂനിയറായ ശിവൻകുട്ടി സ്വന്തം കാറിലാണ് വരുന്നത് എന്നതായിരുന്നു പ്രധാന കാരണം.

ജോലി സംബന്ധമായ യാത്രകളിലൊന്നും ഞാൻ എൻെറ കുടുംബത്തെ കൂടെ കൂട്ടിയിരുന്നില്ല. എന്നിരുന്നാലും ഇപ്രാവശ്യത്തെ യാത്ര കുടുബത്തോടൊപ്പമെന്നു തീരുമാനിക്കുകയായിരുന്നു. തിരുവനന്തപുരത്തെത്തിയാൽ അനന്തപത്മനാഭനെ കണ്ടു വണങ്ങുക എനിക്കു പതിവുള്ളതാണ്. അപ്പോഴൊക്കെ ഭാര്യയും അത്തരം ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതാണ്. ഇപ്രാവശ്യത്തെ യാത്ര എൻെറ കുടുംബത്തോ

ടൊപ്പമാണ് എന്നു ഞാൻ ശിവൻകുട്ടിയോടു പറയുകയുണ്ടായി. അയാളും അതിനോടു യോജിക്കുകയായിരുന്നു. അങ്ങനെയാണ് ശിവൻകുട്ടിയും തിരുവനന്തപുരം യാത്ര കുടുംബത്തോടൊപ്പമാക്കിയത്.

ഞാൻ തിരുവനന്തപുരം എത്തിയിരുന്നില്ല. വഴിയിൽ വളരെ അകലെനിന്നുതന്നെ ആരോ കൈകാണിക്കുന്നതായി തോന്നി. അതു ശിവൻകുട്ടിയായിരുന്നു. ശിവൻകുട്ടിയുടെ ഭാര്യ വല്ലാത്ത ഗൗരവത്തി ലായിരുന്നു. ശിവൻകുട്ടിയേയും കുടുംബത്തേയും കണ്ടതിൽ ഭാര്യ അതിയായി ആഹ്ളാദിക്കുന്നതായി തോന്നി. ശിവൻകുട്ടിയുടെ ഭാര്യ പറഞ്ഞു: "ഈ വണ്ടിയിലാണെങ്കിൽ ഞാൻ തിരുവനന്തപുരത്തേക്കില്ല എന്നു പറഞ്ഞതാണ്. ഇപ്പോൾ പെരുവഴിയിലായിരിക്കുന്നു. വണ്ടിയിൽ പെട്രോൾ തീർന്നിരിക്കുന്നു. പെട്രോൾ പമ്പ് അടുത്തായിരുന്നതിനാൽ പെട്രോൾ വാങ്ങുവാൻ ബുദ്ധിമുട്ടുണ്ടായില്ല. പെട്രോൾ ഒഴിച്ചിട്ടും വണ്ടി നീങ്ങുന്നില്ല."

ഞാൻ ശിവൻകുട്ടിയോടു ആരാഞ്ഞു: മെക്കാനിക്കിനെ വിളിക്കാതിരുന്നതെന്ത്?

ശിവൻകുട്ടി ശബ്ദം താഴ്ത്തിയാണ് പറഞ്ഞത്. ശിവൻകുട്ടിയുടെ കൈയ്യിൽ പണം തീർന്നിരിക്കുന്നു. തിരുവനന്തപുരംവരെ എത്താനുള്ള പെട്രോൾ ഉണ്ടാകുമെന്നാണ് കരുതിയിരുന്നത്

എനിക്ക് ഏറെ പരിചിതമായ സ്ഥലമായിരുന്നു അത്. ഒരു മെക്കാനിക്കിനെ ഏർപ്പാടാക്കി പെട്രോൾ അടിക്കാനും റിപ്പയർ ചെയ്യാനുമുള്ള കാശ് ശിവൻകുട്ടിയുടെ കയ്യിൽ വച്ചു കൊടുത്തു. പ്രത്യേകിച്ചൊന്നും സംഭവിക്കാത്തതുപോലെ ശിവൻകുട്ടി പറഞ്ഞു: എ.ടി.എമ്മില് കുറച്ചു കാശെങ്കിലും കാണുമെന്നാണ് കരുതിയത്.

ശിവൻകുട്ടിയേയും കുടുംബത്തേയും കൂട്ടി ഞാൻ യാത്ര തുടർന്നു. ഭാര്യയും കുട്ടികളും അപ്പോഴേക്കും സംസാരം ആരംഭിച്ചി രുന്നു. എന്റെ മനസ്സിൽ അപ്പോൾ ഓടിയെത്തിയത് തിങ്ങി നിറഞ്ഞുള്ള അംബാസിഡർ യാത്രയിലെ പഴയകാല ഓർമ്മകളായിരുന്നു. കളിയും ചിരിയുമായി കാറില് തിങ്ങി നിറഞ്ഞിരുന്നു. തിരുവനന്തപുരമെത്തിയപ്പോൾ ഞാൻ പറഞ്ഞു: തിങ്ങി നിറഞ്ഞുള്ള യാത്ര ഒരു രസം തന്നെയാണ്.

❖ ❖ ❖

# 9

# സമുദായത്തിനൊരു വോട്ട്

**ഞാ**ൻ വോട്ടു ചെയ്യണ്ട എന്നു തീരുമാനിച്ചു. എനിക്കവകാശപ്പെട്ട വോട്ടുകൾ ഞാനിതുവരെ പാഴാക്കിയിട്ടില്ല. എന്നാൽ ഇപ്രാവശ്യം വോട്ടു ചെയ്യണ്ട എന്നു തീരുമാനിക്കുകയായിരുന്നു. നാട്ടിൽ ജനാധിപത്യം പുലരണമെന്നും നിയമവാഴ്ച തടസ്സം കൂടാതെ നടപ്പാകണമെന്നും ഞാൻ ആഗ്രഹിക്കുമ്പോഴും വോട്ടു ചെയ്യണ്ട എന്നു തീരുമാനിക്കുകയായിരുന്നു.

വോട്ടു ചെയ്യാതിരിക്കാൻ എനിക്കവകാശമുണ്ടോ എന്നത് എന്നെ ഏറെ ചിന്തിപ്പിച്ചിട്ടുള്ളതാണ്. എന്റ അഭിപ്രായത്തിൽ വോട്ടു ചെയ്യാതിരിക്കുക എന്നത് ശരിയായ കാര്യമായി കരുതിയിരുന്നില്ല. പൂർവ്വികരോടുള്ള നിന്ദയായിരിക്കും വോട്ടു ചെയ്യാതിരിക്കുന്നത് എന്ന് ഞാൻ കരുതിയിരുന്നു. പഴയ കൊളോണിയൽ വ്യവസ്ഥയിൽ നിന്നും സ്വാതന്ത്ര പെരുമയിലേക്കുള്ള രാജ്യത്തിന്റെ പ്രയാണത്തിൽ ജീവനൊടുക്കിയ പൂർവ്വികരോടുള്ള നിന്ദയായിരിക്കും വോട്ടു ചെയ്യാതിരിക്കുന്നത് എന്നു ഞാൻ വിചാരിച്ചിരുന്നു. അതുകൊണ്ടുതന്നെ പല കാര്യങ്ങളും മാറ്റി വച്ചിട്ടാണെങ്കിലും വോട്ടു ചെയ്യുക എന്നതിൽ നിന്നും ഞാനൊരിക്കലും ഒഴിഞ്ഞു മാറിയിട്ടില്ല.

പല രാഷ്ട്രീയ പാർട്ടി നേതാക്കളും സാംസ്കാരിക നായകരും അവരുടെ തിരക്കിനിടയിലും മന:പൂർവ്വമായും വോട്ടു ചെയ്യാതിരിക്കുമ്പോഴും എനിക്കാരേയും ബോധ്യപ്പെടുത്താനുണ്ടായിരുന്നില്ല. എന്റെ മനസ്സാക്ഷിക്ക് രാഷ്ട്രീയക്കാരൊ, സാമൂഹ്യ പ്രവർത്തകരൊ വോട്ടു ചെയ്യണമെന്നു നിർബന്ധമുണ്ടായിരുന്നില്ല.

ഇപ്രാവശ്യം വോട്ടു ചെയ്യണ്ട എന്നു സ്വയം തീരുമാനിക്കുകയായിരുന്നു. രാഷ്ട്രീയ പാർട്ടികൾ എല്ലാവരും ജാതി നോക്കി സീറ്റുകൾ വീതം വക്കുകയായിരുന്നു. മണ്ഡലത്തിലെ സ്ഥാനാർത്ഥികൾ എല്ലാവരും ഒരു സമുദായത്തിലെ തന്നെ അംഗങ്ങളാണ് എന്നത്

എന്നെ ഏറെ ചിന്തിപ്പിച്ചു. നല്ല സംസ്ക്കാരവും മന:സ്സാക്ഷിയുമുള്ള വരെ സ്ഥാനാർത്ഥികളാക്കുന്നതിനു പകരം ജാതി തിരിച്ചുള്ള സ്ഥാനാർത്ഥി നിർണ്ണയം എന്നെ അലോസരപ്പെടുത്തി. ഏതെങ്കിലുമൊരു സമുദായത്തിലെ സ്ഥാനാർത്ഥികൾ മാത്രമെ മത്സരിക്കുന്നുള്ളൂ എന്നതു കൊണ്ട് അവർക്കുതന്നെ നിർബന്ധപൂർവ്വം വോട്ടു ചെയ്യേണ്ടി വരുന്നത് എന്റ ജനാധിപത്യ വിശ്വാസങ്ങൾക്ക് യോജിച്ചതായി ഞാൻ കരുതിയിരുന്നില്ല.

വ്യാജമദ്യ വിൽപ്പന നടത്തി നാട്ടിൽ കുപ്രസിദ്ധനായിരുന്നു ഒരു സ്ഥാനാർത്ഥി. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർ എത്ര പെട്ടെന്നാണ് വോട്ടു ചോദിച്ച് കണ്ണിലുണ്ണിയായി മാറുന്നത്. ഈ ജനാധിപത്യതന്ത്രം ഞാൻ നിരസിക്കാൻ തന്നെ തീരുമാനിച്ചു. അത്തരം സ്ഥാനാർത്ഥി നിർണ്ണയങ്ങൾ ജനാധിപത്യത്തുനു മാത്രമല്ല നമ്മുടെ സംസ്ക്കാരിക പൈതൃകത്തിനു തന്നെ ചോദ്യചിഹ്നമായി ഞാൻ കരുതി.

പഴയ വ്യാജമദ്യ വിൽപ്പനക്കാർ ഇപ്പോഴത്തെ ബാറുടമകളുമായി സൗഹൃദത്തിലാണെന്നും കാശുകൊണ്ടും അല്ലാതെയും സഹായിക്കാൻ തയ്യാറാണെന്നുമുള്ള കാര്യം എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. താഴ്ന്ന സംസ്ക്കാരം സമൂഹത്തിൽ വേരൂന്നുന്നതിനെ എതിർക്കാൻ തന്നെ ഞാൻ തീരുമാനിച്ചു. ഏതു സമുദായത്തെ പ്രീണിപ്പിച്ചാലാണ് വോട്ടു നേടുകയും വിജയം വരിക്കുകയും ചെയ്യുക എന്നത് രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ച് ആവശ്യമായിരിക്കാം. എന്നാൽ എനിക്ക് വലുത് സമൂഹത്തിന്റ മാന്യതയും സാംസ്ക്കാരിക അവബോധവുമാണ്.

രമേശൻ സ്ഥാനാർത്ഥിയാണെന്ന് ഞാനറിയുന്നത് എന്റ വീട്ടുപടിക്കൽ വോട്ടുതേടി എത്തിയപ്പോഴാണ്. ഞാൻ സംശയ നിവാരത്തിനെന്നവണ്ണം ചോദിച്ചു: "രമേശൻ സ്ഥാനാർത്ഥിയൊ?" സത്യത്തിൽ ഞാൻ അത്ഭുതപ്പെട്ടു തന്നെയാണ് ചോദിച്ചത്. മറുപടി പറഞ്ഞത് രമേശനു കൂടെയുള്ള നേതാവാണ്. "രമേശനു വോട്ടു ചെയ്യണം. വൻഭൂരിപക്ഷത്തോടെ വിജയിപ്പിക്കണം."

ഞാൻ നേതാവിന്റെ അടുക്കലേക്ക് ചേർന്നു നിന്നു. എന്നിട്ടു സംശയ നിവാരണമെന്നോണം ചോദിച്ചു: ഇലക്ട്രിസിറ്റി ബോർഡിലെ സാധനങ്ങൾ കളവുചെയ്ത് ജോലി പോയ .........

ഞാൻ പൂർത്തിയാക്കും മുമ്പേ നേതാവ് പറഞ്ഞു: "രമേശൻ അത്തരക്കാരനൊന്നുമല്ല. അതെല്ലാം തെറ്റിദ്ധാരണയാണ്. രമേശനെ പ്പറ്റി പ്രചരിപ്പിച്ചതാണ്. രമേശൻ അടിയുറച്ച പാർട്ടിക്കാരൻ കൂടിയാണ്. ഇപ്രാവശ്യം രമേശൻ തന്നെ ജയിക്കണം." കൂട്ടത്തിലുണ്ടായിരുന്ന സമുദായനേതാക്കൾ എന്റെ കടമയെ ഓർമ്മപ്പെടുത്തി: "ഞങ്ങളുടെ സമുദായത്തെ ഉയർത്തിക്കൊണ്ടു വരേണ്ടത് നിങ്ങളുടെയൊക്കെ കടമയാണ്."

നേതാവിനോടു മറിച്ചൊന്നും പറയാൻ എനിക്ക് തോന്നിയില്ല. രമേശൻ കളവിന് ശിക്ഷിക്കപ്പെട്ടവനാണെന്നുള്ള കാര്യം എനിക്കറിവുള്ളതാണല്ലോ. പോകുന്നതിനു മുമ്പായി രമേശൻ എന്നെ തൊഴുതിട്ടു പറഞ്ഞു: "എനിക്കു തന്നെ വോട്ടു ചെയ്യണം. ഞാനൊന്നു കരപറ്റട്ടെ." ശരിയാണ് കളവും ബാറുകാരനുവേണ്ടി അടിപിടിയുമൊക്കെ നടത്തി മുൻപരിചയമുള്ള രമേശനു കരപറ്റാൻ സ്ഥാനാർത്ഥി കുപ്പായമാണ് യോജിച്ചതെന്ന് കരുതിയിരിക്കാം.

നേതാവിന്റെ പാർട്ടിക്കാർ ജയിക്കാറുള്ള സീറ്റാണ്. അതുകൊണ്ടു തന്നെ ഇപ്രാവശ്യം നേതാവിന്റെ സ്ഥാനാർത്ഥി ജയിക്കുമെന്നു ഞാൻ കണക്കുകൂട്ടി. കാശിനു തൽക്കാലം ക്ഷാമമുണ്ടാകാൻ തരമില്ല. രമേശൻ സ്ഥാനാർത്ഥി ബാറുകാരുടെ ബിനാമിയാണെന്നുള്ള കാര്യം നാട്ടിൽ പാട്ടായിട്ടുള്ളതാണ്. തദ്ദേശ സ്ഥാപനങ്ങൾക്കാണ് ബാർ ലൈസൻസ് നൽകാനുള്ള അധികാരം എന്ന് കേട്ടതു മുതൽ ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. പക്ഷെ ഇത്ര എളുപ്പത്തിൽ ജയിക്കാവുന്ന സീറ്റുതന്നെ ബാറുമുതലാളി പാർട്ടിക്കാരിൽനിന്നും വാങ്ങിയെടുക്കുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. സമുദായത്തിന്റെ വീതം വയ്പിലാണ് സീറ്റു വിഭജനം നടന്നത് എന്നു പറഞ്ഞതും നേതാവ് തന്നെയായിരുന്നു.

രമേശനെപ്പോലൊരാൾക്ക് വോട്ടു ചെയ്യുക എന്നത് എനിക്കാലോചിക്കാൻ വയ്യായിരുന്നു. ഏതെങ്കിലുമൊരു സമുദായത്തിനു നിർബന്ധപൂർവ്വം വോട്ടു ചെയ്യേണ്ടി വരിക എന്നതും എനിക്കാലോചിക്കാൻ വയ്യായിരുന്നു. ഞാൻ വോട്ടു ചെയ്യേണ്ട എന്നു തീരുമാനിച്ചു.

❖ ❖ ❖

# 10

# മുകളിലൊരാൾ

സ്മിതയെ കാണുമ്പോഴെല്ലാം അമ്മയെ ഓർമ്മവരിക പതിവായിരിക്കുന്നു. സ്മിത ജോലിക്കു ജോയിൻ ചെയ്തതിനു ശേഷമുള്ള ഒരു പതിവായി മാറിയിരിക്കുന്നു. അമ്മയെ ഫോണിൽ വിളിക്കുമ്പോൾ പല പ്രാവശ്യം ചോദിച്ചു പോയിട്ടുള്ളതാണ് "എന്തിനാണമ്മേ സ്മിതയെ ഒരു ജോലി നേടാൻ സഹായിച്ചത്." അപ്പോഴെല്ലാം അമ്മ പറയും "നല്ലതിനെന്നു കരുതി നമ്മൾ ചെയ്യുന്നു. ഭഗവാൻ എല്ലാം നോക്കി കാണാതിരിക്കുമോ."

സ്മിതയുമായി എന്നും വഴക്കു പതിവുള്ളതാണ്. ആദ്യദിവസം തന്നെ സ്മിത കാണിച്ച തെമ്മാടിത്തരം മതി തനിക്ക് സ്മിതയുടെ സ്വഭാവത്തെ ഇത്ര വെറുക്കാൻ. സ്മിത ജോലിക്കു ജോയിൻ ചെയ്യാൻ വന്ന ദിവസമായിരുന്നു. ഒരു ജോയിനിങ് ലെറ്റർ വേണമെന്നു പറഞ്ഞതിന് ഉടനെ മറുപടി ലഭിച്ചു. സ്മിത പറഞ്ഞു: "ഞാൻ തന്നെ ജോയിനിങ് ലെറ്റർ എഴുതണമെന്ന് എന്താണിത്ര നിർബന്ധം. എഴുതി തന്നാൽ ഞാൻ ഒപ്പിട്ടു തരാം."

മറുപടി പറഞ്ഞു കഴിഞ്ഞതിനു ശേഷമുള്ള സ്മിതയുടെ നിൽപ്പു കണ്ടാൽ വയറു നിറച്ചു തന്നില്ലേ! ഇനി വിശ്രമിച്ചോളൂ എന്നു പറയുന്നതു പോലെ തോന്നും. ശരിയാണു കുട്ടീ, വയർ നിറഞ്ഞിരിക്കുന്നു.

എനിക്കു പോകാൻ അല്പം തിടുക്കമുണ്ടായിരുന്നു. മറുത്തൊന്നും പറഞ്ഞില്ല. സ്മിത എഴുതും പോലെ ജോയിനിങ് ലെറ്റർ എഴുതി ഒപ്പിടേണ്ടുണ്ട ഭാഗം ചൂണ്ടികാണിച്ചു. ഒന്നു വായിച്ചു നോക്കുകപോലും ചെയ്യാതെ സ്മിത അതിൽ ഒപ്പിട്ടു.

ഒരു പുലിവാൽ പിടിച്ചതു വന്നു കേറിയതുപോലെയാണ് തോന്നിയത്. സാരമില്ലെന്ന് മനസ്സിൽ നൂറുവട്ടം പറഞ്ഞു നോക്കി. എന്നിട്ടും എവിടെയൊ ഒരു തികട്ടൽ. ശാന്തമായാണ് ഹാജർ

പുസ്തകം നീട്ടിയത്. ഒപ്പിടാൻ സ്മിതയോട് ആംഗ്യം കാണിച്ചു. സ്മിത ഹാജർ ബുക്കിലെ തീയതി നോക്കി രണ്ടു ദിവസം മുമ്പുള്ള തീയതിൽ ഒപ്പു വച്ചു. എന്റെ ക്ഷമ നശിച്ചിരുന്നു. "കുട്ടി, തീയതി നോക്കി ഒപ്പിടാൻ പഠിച്ചിട്ടില്ലേ? രണ്ടു ദിവസം മുമ്പുള്ള തീയതിയിലാണ് ഒപ്പിട്ടിരിക്കുന്നത്."

വളരെ നിർവ്വികാരതയോടെയായിരുന്നു സ്മിതയുടെ മറുപടി: ഓ. അതെല്ലാം നോക്കിയിട്ടു തന്നെയാണ് ഒപ്പിട്ടിരിക്കുന്നത്. രണ്ടു ദിവസം മുമ്പ് തന്നെ ജോയിൻ ചെയ്യേണ്ടിയിരുന്നതാണ്.

അപ്പോഴാണ് ഞാൻ സ്മിതയുടെ റിലീവിങ് ഓർഡർ പരിശോധിക്കുന്നത്. ഇത്രയും അഹംഭാവം കാണിക്കുമെന്നു പ്രതീക്ഷിച്ചിരുന്നില്ല., തിരക്കിനിടയിൽ സംഭവിച്ചതാണ്. റിലീവിങ് ഓർഡറനുസരിച്ച് ജോയിൻ ചെയ്യാൻ വന്നിരിക്കുകയാണെന്നു കരുതി. ദൈവമെ, ഈയിടെയായി പ്രതീക്ഷകളെല്ലാം അസ്ഥാനത്താവുകയാണല്ലൊ. എന്തൊ ആപത്തിനു സമയമായിരിക്കുന്നതുപോലെ. പലപ്പോഴും നിരീക്ഷണങ്ങൾ തെറ്റിയിട്ടുണ്ടെങ്കിലും രണ്ടു ദിവസം വൈകിയിട്ടും ഒരു പരിഭവം പോലുമില്ലാതെ ആ ദിവസം തൊട്ടു ഒപ്പിടാനുള്ള തന്റേടം ഇവർക്കൊക്കെ എങ്ങനെ ലഭിക്കുന്നു.

പലതരം മനുഷ്യരല്ലേ. പലതും കണ്ടില്ലെന്നു നടിക്കാൻ ശ്രമിക്കാറുള്ളതാണ്. എന്നാൽ ഇക്കാര്യം അത്ര നിസ്സാരമായി കണക്കാക്കാൻ എനിക്കു തോന്നിയില്ല. ഞാൻ പറഞ്ഞു: "മതി, സംസാരിച്ചത് മതി. വൈകിയതിനുള്ള വിശദീകരണം തന്നിട്ടു മതി ജോലിക്കു ജോയിൻ ചെയ്യാൻ." ഞാൻ ജോയിനിങ് ലെറ്റർ എടുത്തു കുട്ടയിലേക്കെറിയാനുള്ള ശ്രമത്തിലായിരുന്നു. സ്മിത എന്റെ കയ്യിൽ കടന്നു പിടിച്ചു. "ഞാൻ ഒപ്പിട്ട കടലാസ്സാണിത്. ഞാൻ ജോയിൻ ചെയ്യുക തന്നെ ചെയ്യും." എന്റെ ക്ഷമ നശിച്ചിരുന്നു. എന്നിട്ടു പറഞ്ഞു: "എന്നാൽ അതുതന്നെ കാണട്ടെ. ഞാൻ കസേരയിലേക്കമർന്നിരുന്നു."

ബഹളം കേട്ടിട്ടാകണം നഴ്സുമാരുടെ സംഘടനാ പ്രതിനിധികൾ ഓടിയെത്തി. ആരോ എന്റെ ചെവിലെന്നോണം പറഞ്ഞു. "സംഘടനയുടെ മേഖലാ സെക്രട്ടറിയാണ്. മാഡം ഇത്തിരി പുളിക്കും. ജോയിൻ ചെയ്യാൻ അനുവദിക്കണം."

നടപ്പില്ല എന്നു പറയണമെന്നുണ്ടണ്ടായിരുന്നു. മുൻ അനുഭവങ്ങൾ വച്ചു നോക്കുമ്പോൾ അങ്ങനെ പറയാൻ തോന്നിയില്ല. പതുക്കെ കസേരയിൽ ഇളകിയിരുന്നു. എന്നിട്ടു പറഞ്ഞു: "നോക്കൂ, ഇന്നു സിസേറിയനുള്ള ദിവസമാണ്. എന്നെ പോകാൻ അനുവദിക്കണം." എന്റെ ശബ്ദം ഇടറിയിരുന്നു.

മറുപടി സ്മിതയാണ് പറഞ്ഞത്: "തിരുവായിൽ നിന്ന് ഉത്തരം കിട്ടിയാൽ മാത്രം മതി." അപ്പോഴേക്കും മുദ്രാവാക്യം വിളി തുടങ്ങിയിരുന്നു. മദ്യപിച്ചു ലക്കുകെട്ട് ആശുപത്രി ഉപകരണങ്ങൾ നശിപ്പിച്ച കേശവനായിരുന്നു മുദ്രാവാക്യം വിളിക്കു തുടക്കമിട്ടത്. അല്പം ശാന്തമായി ഞാൻ എന്റെ മുൻ അനുഭവങ്ങളെ വിലയിരുത്തി. നാടോടുമ്പോൾ നടുവെ ഓടുന്നതാണു ബുദ്ധി എന്ന് എനിക്ക് മനസ്സിലായി. ഞാൻ പറഞ്ഞു: "ശരി, നിങ്ങളുടെ ആഗ്രഹം പോലെ നടക്കട്ടെ."

അപ്പോഴേക്കും കേശവൻ മുന്നോട്ടുവന്നു. കഴിഞ്ഞയാഴ്ച മദ്യപിച്ചു വന്ന ദിവസങ്ങളിൽ ഒപ്പിടാനനുവദിക്കാതിരുന്ന ദിവസങ്ങളിലെല്ലാം അയാൾ ഒപ്പിട്ടു. കേശവൻ പറഞ്ഞു: "ഞാൻ ഇതുവരെ മദ്യപിച്ചു ജോലിക്കു വന്നിട്ടില്ല." അപ്പോഴും കേശവന്റെ നാവ് കുഴയുന്നുണ്ടായിരുന്നു. ആവനാഴിയിലെ അസ്ത്രമെല്ലാമൊഴിഞ്ഞ് ആൾക്കൂട്ടത്തിനിടയിൽ വിവസ്ത്രയാക്കപ്പെട്ടപോലെ ഞാൻ നിലകൊണ്ടു.

മറ്റുള്ളവരോടൊത്ത് മുറിവിട്ടു പോകുന്നതിനിടയിൽ സ്മിത പറഞ്ഞു: ഞാൻ ഇവിടെയൊക്ക തന്നെ കാണും.

എനിക്ക് അമ്മയെ ഫോൺ ചെയ്യണമെന്നു തോന്നി. അങ്ങേതലക്കൽ അമ്മയുടെ ശബ്ദം ഒരു താരാട്ടു പാട്ടു പോലെ എനിക്കനുഭവപ്പെട്ടു. എന്തൊ എനിക്കു നഷ്ടപ്പെട്ട സമാധാനം തിരിച്ചു കിട്ടിയതുപോലെ. ഞാൻ സ്മിതയെപ്പറ്റി പറഞ്ഞു. ഞാൻ കൂടുതലൊന്നും പറഞ്ഞില്ല. എന്റെ തിരക്ക് പറഞ്ഞിട്ട് പിന്നീട് വിളിക്കാമെന്നു പറഞ്ഞു.

അമ്മയുടെ നാവിന്റ കെട്ടുപൊട്ടിയതുപോലെയായിരുന്നു. "മരിക്കുന്നതിനു മുൻപ് എന്തെങ്കിലും നന്മ ചെയ്യുക. ഞാൻ എന്നാലാവുന്നതെല്ലാം ചെയ്തിട്ടുണ്ട്. അവളുടെ നന്മയെക്കരുതി നല്ലതെല്ലാം പറയുകയും ചെയ്തുകൊടുക്കുകയും ചെയ്തു. എനിക്കവളെ നിന്നെപ്പോലെ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടാവില്ല. കാരണം നീയെന്റെ

വയറ്റിൽ പിറന്നവളാണ്. ഞാൻ അവളേയും ഒരു മകളായി മാത്രമെ കാണാൻ ശ്രമിച്ചിട്ടുള്ളൂ." എനിക്ക് ചിരിക്കാനാണ് തോന്നിയത്. മകളായൊ, സ്മിതയെയൊ. കാര്യങ്ങളെല്ലാം ഞാൻ വിവരിച്ചു പറഞ്ഞു. അമ്മ മറുപടിയെന്നോണം പറഞ്ഞു: "നീ എന്റെ വയറ്റിൽ പിറന്നവളാണ്. നിനക്ക് നിന്റെ അച്ഛന്റെ എല്ലാ സുകൃതങ്ങളും ലഭിച്ചിട്ടുണ്ട്. അവളുടെ അച്ഛനമ്മമാരുടെ സാഹചര്യങ്ങൾ വ്യത്യസ്തങ്ങളാണ്." അമ്മ വലിയ വലിയ കാര്യങ്ങൾ പറയാനുള്ള ശ്രമത്തിലായിരുന്നു.

അമ്മയുമായുള്ള സംഭാഷണങ്ങളിൽ സ്മിത കടന്നുവരിക പതിവായിരിക്കുന്നു. അപ്പോഴെല്ലാം ഞാൻ പറയും. അമ്മ മുടക്കിയ കാശും പ്രയത്നവും കടലിൽ ഉപ്പു കലക്കിയ പോലെയായി. അമ്മ പറയും: "എന്റെ പ്രയത്നങ്ങൾ വെറുതെയാവില്ല. എപ്പോഴെങ്കിലും എന്റെ വാക്കുകൾ അവൾ തിരിച്ചറിയും. നമ്മൾ നന്മ പ്രതീക്ഷിച്ചല്ലേ കുട്ടീ എല്ലാം ചെയ്യുന്നത്." അമ്മക്ക് സ്മിതയുടെ പ്രൊമോഷൻ കാര്യങ്ങൾ അറിയണം. അമ്മക്ക് സന്തോഷമാകട്ടെ. ഞാൻ കാര്യങ്ങൾ വിശദമായി പറഞ്ഞു: "അവൾ പിന്നോക്കവിഭാഗത്തിൽ പെട്ടവളല്ലേ. വേഗം പ്രൊമോഷൻ ആവുകയും കൂടുതൽ നാൾ ഉന്നത പദവിയിലിരിക്കുകയും ചെയ്യും." എങ്കിലും സ്മിതയോടുള്ള അസഹിഷ്ണുത മറച്ചുവക്കാനാകാത്തവിധം തികട്ടിവന്നപ്പോൾ ഞാൻ കൂട്ടി ചേർത്തു: "എന്തിനാണമ്മേ സ്മിതയെ ഒരു ജോലി നേടാൻ സഹായിച്ചത്."


അമ്മയിൽ നിന്നും സ്മിതയെപ്പറ്റിയുള്ള ചില കാര്യങ്ങൾ മനപ്പൂർവ്വം മറച്ചു വച്ചിട്ടുണ്ട്. അമ്മയുടെ മുമ്പിൽ സ്മിതയുടെ കുറ്റങ്ങൾ പറയരുതെന്ന് മനസ്സിൽ തീരുമാനമെടുത്തിരുന്നു. ഒരു ദിവസം ആശുപത്രി ഗയിറ്റിനു മുമ്പിലുള്ള വളവു തിരിഞ്ഞു വരികയായിരുന്നു. ഗയിറ്റിനരുകിലെ ബഹളം കേട്ട് ബ്രേക്ക് ചവിട്ടി. ഏതോ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടന ആശുപത്രി ഗയിറ്റിനു മുമ്പിൽ കുത്തിയിരിക്കുകയാണ്. ഇനി എങ്ങനെയാണ് അകത്തേക്ക് പ്രവേശിക്കുക. ഇന്ന് സിസേറിയൻ ഉള്ള ദിവസമാണ്. അകത്ത് കടക്കുകയേ നിർവ്വാഹമുള്ളൂ. അറച്ചറച്ചാണെങ്കിലും ഒന്നു പറഞ്ഞു നോക്കാമെന്നു തീരുമാനിച്ചു. വണ്ടി ഒഴിഞ്ഞ ഭാഗത്തേക്ക് നീക്കിയിട്ട് പയ്യെ നടന്നു. അപ്പോഴേക്കും സ്മിതയും എത്തിയിരുന്നു. ഞാൻ വേവലാതിപ്പെട്ട് പറഞ്ഞു: ഇന്നു സിസേറിയനുള്ള ദിവസമാണ്. മറുപടിയെന്നോണം സ്മിത

പറഞ്ഞു: "നമ്മൾ ജീവനക്കാരാണ്. ജീവനക്കാരെ തടയാൻ ഇവർക്കവകാശമില്ല." ഒന്നു ചോദിച്ചു നോക്കാനുള്ള സാവകാശം തരുംമുൻപെ സ്മിത എന്നേയും വലിച്ച് അകത്തേക്കു നടന്നു.

ഞങ്ങൾ അകത്തേക്കു കയറുന്നതും കണ്ട് കുറച്ചു ചെറുപ്പക്കാർ എഴുന്നേറ്റു വന്നു. അവരിലൊരാൾ സ്മിതയെ ചൂണ്ടി പറഞ്ഞു: "മാഡം ഒന്നു നിൽക്കണെ." എന്നെയായിരിക്കുമെന്നു കരുതി ഞാനൊന്നു പകച്ചു. അപ്പോഴയാൾ എന്നോടു പറഞ്ഞു. "മാഡം പൊയ്ക്കൊള്ളൂ. ഞങ്ങൾക്കിവളെ മതി." സ്മിതയേയും അകത്തേക്കു വിടാൻ ഞാൻ കെഞ്ചി നോക്കി. അവർ ഞാൻ പറഞ്ഞ കാര്യം ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. എന്തിനാണ് സ്മിതക്കു വേണ്ടി യാചിച്ചതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് തിരിച്ചറിയാനായില്ല. അപ്പോൾ അങ്ങനെയാണ് തോന്നിയത് എന്നു മാത്രം. കൂട്ടത്തിലൊരാൾ ചെരുപ്പു കൊണ്ടുള്ള മാലയുമായി ഓടിയടുക്കുന്നുണ്ടായിരുന്നു. സ്മിത ഞാൻ പാർട്ടി യൂണിയന്റെ സെക്രട്ടറിയാണ് എന്നൊക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. മറുപടിയെന്നോണം ഒരാൾ പറഞ്ഞു: പാർട്ടി യൂണിയന്റെ സെക്രട്ടറിയല്ലെ, പാർട്ടി സെക്രട്ടറിയൊന്നുമല്ലല്ലൊ.

അന്നും പതിവുപോലെ അമ്മയെ ഫോണിൽ വിളിച്ചു. ചോദിക്കരുതെന്നു മനസ്സിൽ കരുതിയതാണെങ്കിലും അറിയാതെ ചോദ്യം ആവർത്തിച്ചു: "എന്തിനാണമ്മേ സ്മിതയെ ഒരു ജോലി നേടാൻ സഹായിച്ചത്? പതിവുപോലെയായിരുന്നു അമ്മയുടെ മറുപടി: "നല്ലതിനെന്നു കരുതി നമ്മൾ ഓരോന്നു ചെയ്യുന്നു. എല്ലാം നോക്കി കാണാൻ മുകളിലൊരാൾ ഉണ്ടല്ലൊ."

❖ ❖ ❖



# ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

എസ്. കാച്ചപ്പിള്ളി

അന്നും പതിവുപോലെ അമ്മയെ ഫോണിൽ വിളിച്ചു. ചോദിക്കരുതെന്നു മനസ്സിൽ കരുതിയതാണെങ്കിലും അറിയാതെ ചോദ്യം ആവർത്തിച്ചു. "എന്തിനാണമ്മെ സ്മിതയെ ജോലി നേടാൻ സഹായിച്ചത്. പതിവുപോലെയായിരുന്നു അമ്മയുടെ മറുപടി: "നല്ലതിനെന്നു കരുതി നമ്മൾ ഒരോന്നു ചെയ്യുന്നു. എല്ലാ നോക്കി കാണാൻ മുകളിലൊരാൾ ഉണ്ടല്ലോ".

വില : 30 രൂപ
വിതരണം : സംസ്ക്കാര, കൊച്ചി - 682 509
ഫോൺ : 9446459784